# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുറവിലങ്ങാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ.കെടിഎം.പി4/1998/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 23/12/2023
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുറവിലങ്ങാട് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ.കെടിഎം.പി4/1998/2023 തീയ്യതി: 23/12/2023

## കോട്ടയം ജില്ലയിലെ കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2023 മുതൽ 30-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 38 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 04-12-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബീനാകുമാരി സി.ആർ. | ഡെപ്യൂട്ടി ഡയറക്ടർ | 25-11-2023 | 04-12-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 25-11-2023 | 04-12-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി ഇന്ദുലേഖ എ,ഓഡിറ്റ് ഓഫീസർ

ശ്രീമതി സ്മിത ജി നായർ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ ബിനീത് രാജൻ,ഓഡിറ്റർ

ശ്രീമതി കൃഷ്ണപ്രിയ എസ് ,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| മിനി മത്തായി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| രാജേഷ് ടി.വർഗീസ് | സെക്രട്ടറി | 01-04-2022 | 16-05-2022 |
| സാവിത്രി കെ ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 17-05-2022 | 24-05-2022 |
| പ്രദീപ് എൻ | സെക്രട്ടറി | 25-05-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സാവിത്രി കെ ആർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 28-02-2023 |
| സിന്ധു എസ് | അസിസ്റ്റന്റ് സെക്രട്ടറി -ഇൻ–ചാർജ്ജ് | 01-03-2023 | 31-03-2023 |
| സിബിമോൻ ബി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| പാർവതി ആർ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.മിനി ജോസഫ് പ്ലാങ്കാല | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ബിന്ദു സി.കെ | ഹെഡ്മിസ്ട്രസ് | 01-04-2022 | 31-03-2023 |
| ഡോ.രാജഹംസ് ശശി | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2022 | 31-03-2023 |
| ലിബിൻ ജേക്കബ് | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 23-09-2022 |
| ശ്രീവിദ്യ എൽ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 24-09-2022 | 31-03-2023 |
| സുമിത സുകുമാരൻ | അസി.എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| പ്രേമോൾ ദാസ് | ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.ആരതി അജിത് | സൂപ്രണ്ട്, താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, കുറവിലങ്ങാട് | 01-04-2022 | 31-03-2023 |
| ഹരികുമാർ വി കെ | വി ഇ ഓ,കുറവിലങ്ങാട് | 01-04-2022 | 31-03-2023 |
| ശ്രുതി ആർ | വി ഇ ഓ,തോട്ടുവ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ജനറൽ ഫണ്ട് വിശദാംശം സൂക്ഷിച്ചിട്ടില്ല | 1-1-1 |
| 3 | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാംശം ലഭ്യമല്ല | 1-1-2 |
| 4 | ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമായിട്ടില്ല | 1-1-3 |
| 5 | തൻവർഷം സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിവരം-കൃത്യമായ ഡേറ്റ ലഭ്യമായില്ല | 1-1-4 |
| 6 | Capital Work In Progress ന്റെ ആധികാരികത വ്യക്തമല്ല | 1-1-5 |
| 7 | പ്രയർ പീരിയേഡ് ചെലവുകൾ | 1-1-6 |
| 8 | Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-7 |
| 9 | എൻ. ആർഇ ജിഎ - വരവുചെലവു കണക്കുകളിൽ അപാകത | 1-1-8 |
| 10 | ദുരിതാശ്വാസ നിധി -വരവുചെലവുകണക്കുകൾ | 1-1-9 |
| 11 | ബജറ്റ്-വിശകലനം | 1-2 |
| 12 | സാമ്പത്തിക വിശകലനം | 1-3 |
| 13 | ഗ്രാന്റ് വിനിയോഗം | 1-4 |
| 14 | വാർഷിക പദ്ധതി അവലോകനം | 1-5 |
| 15 | ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 16 | സാമൂഹ്യസുരക്ഷ പദ്ധതികൾ | 1-7 |
| 17 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 18 | ആഭ്യന്തരനിയന്ത്രണ സംവിധാനം | 1-9 |
| 19 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം. | 1-10 |
| 20 | ഓൺലൈൻ രസീത് വരവുകൾ–IKM-ൽ നിന്നും തുക പഞ്ചായത്തിന് ലഭിക്കുന്നതിന് കാലതാമസം | 1-11 |
| 21 | വസ്തു നികുതി തെറ്റായ ഉപയോഗക്രമത്തിൽ നിർണ്ണയിച്ചു | 1-12 |
| 22 | വസ്തുനികുതി നിർണ്ണയം - റോഡിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധന കണക്കിലെടുത്തില്ല. | 1-13 |
| 23 | വസ്തുനികുതി നിർണ്ണയം - തറ നിർമ്മിതിയുടെ തരം പരിഗണിച്ചില്ല. | 1-14 |
| 24 | വസ്തുനികുതി പരിഷ്കരണം | 1-15 |
| 25 | ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയില്ല. | 1-16 |
| 26 | സ്ഥാപനങ്ങളുടെ ടേണോവർ അടിസ്ഥാനത്തിലുള്ള തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല | 1-17 |
| 27 | വാടക കുടിശ്ശിക നിലനിൽക്കുന്നു | 1-18 |
| 28 | പഞ്ചായത്തിന്റെ അധീനതയിലുള്ള കെട്ടിടങ്ങൾ ഒഴിഞ്ഞു കിടക്കുന്നു | 1-19 |
| 29 | ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-20 |
| 30 | അധിക വിഭവ സമാഹരണം | 1-21 |
| 31 | ചെലവ് തുകകൾ തിരികെ ലഭ്യമായിട്ടില്ല | 1-22 |
| 32 | ഇ-ടെണ്ടർ ഫോറവില -പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ലഭ്യമായിട്ടില്ല | 1-23 |
| 33 | അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിൽ - 72986/- രൂപ അവശേഷിക്കുന്നു | 1-24 |
| 34 | പ്രത്യേക കന്നുകുട്ടി പരിപാലനം - പ്രോജക്ട് നടപ്പായില്ല. | 1-25 |
| 35 | മരുന്നു /ഉപകരണങ്ങൾ ലഭ്യമായില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു | 1-26 |
| 36 | ബയോഗ്യാസ് പ്ളാന്റ് സ്ഥാപിക്കൽ– അധികം തുക നൽകി | 1-27 |
| 37 | നിശ്ചിത സമയത്തിനുള്ളിൽ കരാറിൽ എർപ്പെടാത്ത കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല | 1-28 |
| 38 | കുടിവെള്ളപദ്ധതികൾ - പൂർത്തീകരണം,നടത്തിപ്പ് സംബന്ധിച്ച വിവരങ്ങൾ തയ്യാറാക്കുന്നില്ല | 1-29 |
| 39 | പൂർത്തീകരണ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തികരിച്ചില്ല- പിഴ ഈടാക്കിയില്ല | 1-30 |
| 40 | ടാർവീപ്പകളുടെ വില – നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് അടവാക്കിയിട്ടില്ല | 1-31 |

| | | |
|---|---|---|
| 41 | പാറ്റാനി വലിയതോട് കാനനിർമ്മാണം - നിരാക്ഷേപ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. | 1-32 |
| 42 | റോഡ് കണക്ടിവിറ്റി മാപ്പ്- പൂർത്തീകരണവിവരം ലഭ്യമല്ല | 1-33 |
| 43 | സർക്കാർ സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രഭാതഭക്ഷണം -അപാകതകൾ | 1-34 |
| 44 | ഹരിത മിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം -തുടർപ്രവർത്തനങ്ങൾ -സംബന്ധിച്ച് | 1-35 |
| 45 | തെരുവു വിളക്ക പരിപാലനം -അപാകതകൾ - വിശദീകരണം ലഭ്യമാക്കിയില്ല. | 1-36 |
| 46 | പഞ്ചായത്ത് ഓഫീസിൽ ജനറേറ്റർ സ്ഥാപിക്കൽ– ഇലക്ട്രിക്കൽ ഇൻസ്പെക്ടറിന്റെ സാക്ഷ്യപത്രം ലഭ്യമായില്ല. | 1-37 |
| 47 | സബ് ട്രഷറി നിർമ്മാണത്തിന് ദാനയാധാരമായി ലഭിച്ച സ്ഥലം - തുടർനടപടികൾ സ്വീകരിക്കുന്നതിൽ കാലതാമസം | 1-38 |
| 48 | ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കിയില്ല | 1-39 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ– അധികം തുക നൽകി | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം –1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കുറവിലങ്ങാട് ഗ്രാമ പഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 07.07.2023 തീയതിയിലെ 1(1) തീരുമാനം പ്രകാരം അംഗീകരിച്ച് 07.07.2023 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക പ്രസ്താവനകളും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214(4) പ്രകാരവും ത്രിതല പഞ്ചായത്തുകൾക്ക് ബാധകമായ 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അധ്യായം 4.2.1, 11.3, കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ച് ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്യുകയും നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കുറവിലങ്ങാട് ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേയ്ക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.**

### 1-1-1 ജനറൽ ഫണ്ട് വിശദാംശം സൂക്ഷിച്ചിട്ടില്ല

31/03/2023 തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത അനുബന്ധരേഖകളുടെ അഭാവത്തിൽ വ്യക്തമല്ല. 01/04/2011 ൽ പഞ്ചായത്ത് ജനറൽ ഫണ്ട് (കണക്ക് ശീർഷകം-310100101) നിർണ്ണയിച്ചപ്പോഴുള്ള ആധികാരിക ആസ്തി-ബാധ്യത രേഖകൾ സൂക്ഷിച്ചിട്ടില്ല.

### 1-1-2 ക്യാപിറ്റൽ കോൺട്രിബ്യൂഷൻ വിശദാംശം ലഭ്യമല്ല

ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയുടെ മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന അടിസ്ഥാന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 2022-23 വർഷം വിവിധ ഫണ്ട് തിരിച്ച് അക്കൗണ്ട് ചെയ്യപ്പെട്ട ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ പ്രസ്തുത ഫണ്ടുകൾ ചെലവഴിച്ച ആസ്തികൾക്ക് തുല്യമായ തുകയാണോ എന്നതിൽ വ്യക്തതയില്ല. വിവിധ

ഗ്രാന്റുകളുടെ ചെലവ് ആസ്തി-റവന്യൂ തിരിച്ച് രേഖപ്പെടുത്തിയ വിശദമായ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ രജിസ്റ്റർ/വിശദാംശം പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

**1-1-3 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമായിട്ടില്ല**

26/07/2011-ലെ ജി.ഒ(എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് ആധികാരികവും കാലികവുമായ അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല.

**1-1-4 തൻവർഷം സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിവരം-കൃത്യമായ ഡേറ്റ ലഭ്യമായില്ല**

2022-23 വർഷം ആസ്തികൾ സൃഷ്ടിക്കുന്ന പ്രോജക്ട് ചെലവ് എല്ലാം സുസ്ഥിര ആസ്തി ശീർഷകത്തിൽ അക്കൗണ്ട് ചെയ്യപ്പെട്ടോ എന്ന് വ്യക്തമാക്കുന്ന ആധികാരികമായ ഓരോ ഫണ്ടുകളുടെയും /ഗ്രാന്റുകളുടെയും ക്യാപ്പിറ്റൽ-റവന്യൂ വേർതിരിച്ച് ചെലവ് വിവരം സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങളുടെ അഭാവത്തിൽ സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ മൂല്യം 31/03/2023 ബാലൻസ് ഉൾപ്പെട്ടോ എന്നതിന് വ്യക്തതയില്ല.

**1-1-5 Capital Work In Progress ന്റെ ആധികാരികത വ്യക്തമല്ല**

Capital Work In Progress ആയി അക്കൗണ്ട് ചെയ്യപ്പെടുന്നതും ക്രമീകരിക്കപ്പെടുന്നതുമായ പാർട്ട് ബില്ലുകളുടെ വിശദാംശവും ആധികാരികതയും ബന്ധപ്പെട്ട രേഖകളുടെ അഭാവത്തിൽ വ്യക്തമല്ല. തൻവർഷ പാർട്ട് ബില്ലുകൾ എല്ലാം Capital Work In Progress ആയി അക്കൗണ്ട് ചെയ്യപ്പെട്ടോ എന്നും ഫൈനൽ ബിൽ നൽകുമ്പോൾ മുൻപ് നൽകിയ പാർട്ട് ബില്ലുകൾ ക്രമീകരിക്കപ്പെട്ടോ എന്നും വ്യക്തതയില്ല.

**1-1-6 പ്രയർ പീരിയേഡ് ചെലവുകൾ**

പ്രയർ പീരിയഡ് ചെലവുകൾ കൃത്യമാക്കി നോട്ട് തയ്യാറാക്കി സെക്രട്ടറി സൂക്ഷിച്ചിട്ടില്ല.

**1-1-7 Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല**

സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. Government/Other ഡ്യൂസ് രജിസ്റ്റർ രജിസ്റ്റർ സൂക്ഷിച്ച് വിവിധ ഏജൻസികളിലേക്കുള്ള തുക ഒടുക്കലുകൾ കൃത്യമായി നിരീക്ഷിക്കേണ്ടതാണ്. (ഉദാ റോയൽറ്റി ഇനത്തിലുള്ള 40000/-).

**1-1-8 എൻ. ആർഇ ജിഎ - വരവുചെലവു കണക്കുകളിൽ അപാകത**

ക്യാഷ് ബുക്ക് പ്രകാരമുള്ള എം ജി എൻ ആർ ഇ ജി എസ് വരവു ചെലവു കണക്കുകൾ വാർഷികകണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

**1-1-9 ദുരിതാശ്വാസ നിധി -വരവുചെലവുകണക്കുകൾ**

പഞ്ചായത്തിലെ ദുരിതാശ്വാസ നിധി വരവു ചെലവു കണക്കുകളുടെ കൃത്യത വ്യക്തമായിട്ടില്ല.

**1-2 ബജറ്റ്-വിശകലനം**

2022-23 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 22.03.2022ലെ 1/1-ാം നം തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 16.03.2023ലെ 1/1-ാം നം. തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റിൽ മുൻപ് അംഗീകരിച്ച ബജറ്റിൽ നിന്നും വരവ്-ചെലവ് കണക്കുകളിൽ വ്യത്യാസമുണ്ട്. മുന്നിരിപ്പ് ആദ്യം അവതരിപ്പിച്ച ബജറ്റിനെക്കാൾ ഇരട്ടി ആണ്.

| ഇനം | ബജറ്റ് | |
|---|---|---|
| | ആദ്യത്തേത് | പുതുക്കിയത് |
| മുന്നിരിപ്പ് | 4674700 | 8824880 |

| | | |
|---|---|---|
| വരവ് | 169583500 | 170210500 |
| ആകെ | 174258200 | 179035380 |
| ചെലവ് | 171180200 | 173296200 |
| നീക്കിയിരിപ്പ് | 3078000 | 5739180 |

ബജറ്റ് പ്രകാരം 17.02കോടി രൂപ വരവും 17.32കോടി രൂപ ചെലവുമാണ് പ്രതീക്ഷിച്ചത്. 2022-23 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 10.33കോടി രൂപയും ചെലവ് 10.39കോടി രൂപയുമാണുള്ളത്. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത ചെലവുകൾ മേഖലാടിസ്ഥാനത്തിൽ നിശ്ചയിക്കുന്നത് മാത്രമാണ് ചെയ്യുന്നത്. വിവിധ സ്റ്റാന്റിങ്ങ് കമ്മിറ്റികളുടെയും പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെയും ബജറ്റ് ശുപാർശകൾ പരിഗണിച്ച് മേഖലാടിസ്ഥാനത്തിലുള്ള വിഹിതം വിഭജിച്ച് വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് കൃത്യമായ വിഹിതം ക്യാപ്പിറ്റൽ-റവന്യൂ തിരിച്ച് നിശ്ചയിച്ചിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ റസീറ്റ് & പേമെന്റ് ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവ ചുവടെ ചേർക്കുന്നു.

**റസീറ്റ് & പേമെന്റ് പത്രിക പ്രകാരം**

| | |
|---|---|
| മുന്നിരിപ്പ് (01/04/2022) | 97,32,012 |
| ഓഡിറ്റ് വർഷത്തെ വരവ്(Receipt) | 40963278 |
| ആകെ | 50695290 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (Payment) | 34478000 |
| നീക്കിയിരിപ്പ് (31/03/2023) | 16217290 |

**ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം**

| | |
|---|---|
| ആകെ വരുമാനം (Income) | 103336028/- |
| ആകെ ചെലവ് (Expenditure) | 103962571/- |
| പ്രവർത്തന നഷ്ടം (Gross Deficit) | 626543/- |
| ആകെ മുൻകാല അക്കൗണ്ടിങ്ങ് ക്രമീകരണം | -346923 |
| അറ്റ പ്രവർത്തന നഷ്ടം (Net Deficit) | -973466 |

**ഓഡിറ്റ് സംക്ഷിപ്തം**

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർച്ചാർജ് ചെയ്യാവുന്നത്) | 55530 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2388822 |

## 1-4 ഗ്രാന്റ് വിനിയോഗം

കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2022-23വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം

എ.സി.ആർ. പ്രകാരമുള്ളതും പട്ടികയിൽ ഉൾപ്പെടുത്തുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 13595000 | **13595000 | 12719581 | 875419 | 93 |
| വികസന ഫണ്ട്-SCP | 0 | 2473000 | $2473000 | 2473000 | - | 100 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied | 1074227 | 2556128 | @3786282 | 3307750 | 478532 | 88 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied | 2085149 | 6111734 | *8196883 | 2294256 | 5902627 | 37 |
| മെയിന്റനൻസ് ഗ്രാന്റ്- Road | 0 | 12777000 | 12777000 | 5328058 | 7448942 | 42 |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 0 | 4570000 | 4570000 | 2833566 | 1736434 | 63 |
| National Health Mission(NHM) ഫണ്ട് Diagnostic Purposes& Infrastructure Development | 0 | 263548 | 263548 | 261034 | 2514 | |
| ആരോഗ്യ ഗ്രാന്റ്(പി.എച്ച്.സി കളുടെ നവീകരണത്തിനുള്ള തുക) | | 127032 | 127032 | ---- | 127032 | |
| ഐ.സി.ഡി.എസ് | 12000 | 1116450 | 1128450 | 97489 | 1030961 (+) | |
| ശുചിത്വമിഷൻ | 737995 | 282000 | 1019995 | 282000 | 737995 | |

**വികസന ഫണ്ട് ജനറൽ 195/23, 201/23 ജി.ഓ പ്രോജക്ടുകൾ പ്രകാരം 608831 രൂപ ലൈഫ് വായ്പ ഇനത്തിലും 193/23, 194/23, 200/23 ജി.ഒ.പ്രോജക്ടുകൾ പ്രകാരം 832200/- രൂപ അങ്കണവാടി അധികവേതനം ഇനത്തിലും കുറവുചെയ്തിരുന്നു.

$വികസന ഫണ്ട് എസ്.സി.പി 202/23, 196/23 ജി.ഓ പ്രോജക്ടുകൾ പ്രകാരം 153447/- രൂപ ലൈഫ് വായ്പ തിരിച്ചടവ് ഇനത്തിൽ കുറവുചെയ്തിരുന്നു.

@ ധനകാര്യകമ്മീഷൻഗ്രാന്റ്-Untied-മുന്നിരിപ്പ് (1074227) പലിശ (155927) ട്രഷറി വരവ് (192128), ബാങ്കിലെ വരവ് (2364000) എന്നിവ ഉൾപ്പെടെ ആണ്. ബാങ്കിലെ ചെലവ് 3307750/- രൂപയാണ്. 286404/- രൂപ ബാങ്കിൽ അവശേഷിക്കുന്നു. ട്രഷറി വരവ് മുഴുവൻ ലാപ്സായി.

*ധനകാര്യകമ്മീഷൻഗ്രാന്റ്-Tied-മുന്നിരിപ്പ് (2085149), ബാങ്കിലെ വരവ് (3546000) ട്രഷറി വരവ് (2565734) എന്നിവ ഉൾപ്പെടെ ആണ്. ബാങ്കിലെ ചെലവ് 1493970 രൂപയാണ്. 4137179 രൂപ ബാങ്കിൽ ശേഷിക്കുന്നു.

(+) ഐസിഡിഎസ് – ബാലൻസിൽ അധികം വന്ന 649/- രൂപ ബാങ്ക് ചാർജ് ആകുന്നു.

ഗ്രാന്റ് പത്രികയിൽ വിവിധ സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുക ഉൾപ്പെട്ടിട്ടില്ല. എന്നാൽ ചെലവ് സ്രോതസ്സിൽ കുറവ് ചെയ്യപ്പെട്ട തുകകൾ ജി.ഒ. പ്രോജക്ടായി ക്രമീകരിച്ചത് ഉൾപ്പെടെയാണ്. ആയതിനാൽ ഫണ്ടുകളുടെ യഥാർത്ഥ നീക്കിയിരിപ്പ് ഗ്രാന്റ് പത്രികയിൽ പ്രതിഫലിക്കുന്നില്ല.

സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും അലോട്ട്മെന്റ് കണക്കുകളിലും ചെലവ്

കണക്കുകളിലും മേൽവിവരിച്ച വ്യത്യാസങ്ങളും അക്കൗണ്ടിങ്ങ് അപാകതകളും നിലനിൽക്കുന്നതിന് വിധേയമായിട്ടാണ് റിപ്പോർട്ടിന്റെ അനുബന്ധം-2 പ്രകാരം ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം നൽകുന്നത്.

**1-5 വാർഷിക പദ്ധതി അവലോകനം**

കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ പതിനാലാം പഞ്ചവത്സര പദ്ധതിയുടെ (2022-27) ഒന്നാം വാർഷിക പദ്ധതിയ്ക്ക് (2022-23)ജില്ലാ ആസൂത്രണസമിതിയുടെ ഉത്തരവ് നം. 82898/22/DPC/DPO/KTM തീയതി 06.03.2023 പ്രകാരം പുതുക്കി അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവർത്തനഘട്ടം | തീയതി |
|---|---|
| ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുനസംഘടിപ്പിച്ച് അംഗീകരിച്ചു | തീയതി |
| ആസൂത്രണസമിതിയോഗം | 14.12.2021, 29.04.22 |
| വർക്കിംഗ് ഗ്രൂപ്പ് ജനറൽ ബോഡി | 29.12.21 |
| പദ്ധതി രൂപീകരണഗ്രാമസഭകൾ | 22.05.22 |
| ഊരുകൂട്ടയോഗം | 13.05.22 |
| വികസനസെമിനാർ | 21.06.22 |
| വികലാംഗഗ്രാമസഭ | 19.05.22 |
| ഭരണസമിതി വാർഷികപദ്ധതി അംഗീകരിച്ചു | 6.03.2023 2(3) |

2022-23 വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണഉദ്യോഗസ്ഥൻ | നിർവ്വഹണത്തിന് ഏറ്റെടുത്ത പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകൾ | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 6 | 6 | 3619616 | 2299982 | 64 |
| വെറ്ററിനറി സർജൻ | 6 | 6 | 2738000 | 1404588 | 52 |
| മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 5 | 5 | 1174406 | 968665 | 83 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 1 | 1 | 800000 | 800000 | 100 |
| ഫിഷറീസ് സബ്ഇൻസ്പെക്ടർ | 1 | 1 | 280000 | 112000 | 40 |
| വി.ഇ.ഒ I | 15 | 13 | 25690588 | 8867035 | 35 |
| ഐ.സി.ഡി.എസ് -സൂപ്പർവൈസർ | 4 | 3 | 4428000 | 3269013 | 73 |
| സെക്രട്ടറി | 33 | 24 | 7636173 | 5535564 | 73 |
| ഹെഡ്മാസ്റ്റർ | 3 | 3 | 803450 | 803450 | 100 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 74 | 41 | 30340881 | 11955235 | -40 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 1300000 | 1211174 | 94 |
| അസിസ്റ്റന്റ് സെക്രട്ടറി | 6 | 6 | 1189000 | 1189000 | 100 |
| ആകെ | 155 | 110 | 80000114 | 38415706 | 48 |

വിവിധ പ്രോജക്ടുകൾ നടപ്പിലാക്കിയത് 12 നിർവ്വഹണോദ്യോഗസ്ഥരാണ്. 80000114 രൂപ വകയിരുത്തിയതിൽ 38415706 രൂപയാണ് ചെലവഴിക്കാനായത്. അസിസ്റ്റന്റ് എഞ്ചിനീയറെ നിർവ്വഹണത്തിന് ഏൽപ്പിച്ചിരുന്ന 74-പ്രോജക്ടുകളിൽ 41 എണ്ണം മാത്രമാണ് പൂർത്തിയാക്കി ബില്ല് മാറിയത്. അസിസ്റ്റന്റ് എഞ്ചിനീയർ 1.19കോടി രൂപ ചെലവഴിച്ചു. ***അനുവദിച്ച റോഡ് ഫണ്ടിൽ 74 ലക്ഷം രൂപ ലാപ്സായി.*** എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും സമയബന്ധിതമായി പ്രോജക്ടുകൾ പൂർത്തിയാക്കുന്നുണ്ടെന്ന് അതാതുവർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് നടത്തേണ്ടതാണ്.

**മോണിറ്ററിംഗ് ഫലപ്രദമായിരുന്നില്ല**

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് എല്ലാ പ്രോജക്ടുകളോടൊപ്പവും സൂക്ഷിച്ചിട്ടില്ല. പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ മേൽനോട്ട സംവിധാനം ഫലപ്രദമായിരുന്നില്ലെന്ന് ഇത് സൂചിപ്പിക്കുന്നു. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

**പദ്ധതി നിർവ്വഹണം- പഞ്ചായത്തിന്റെ പൊതുസമീപനം**

ജനകീയാസൂത്രണ പ്രസ്ഥാനത്തിന് 25 വർഷം പൂർത്തിയാകുന്ന ഘട്ടത്തിൽ 2022-23 വർഷം 14-ാം പഞ്ചവത്സര പദ്ധതിക്ക് തുടക്കം കുറിക്കുന്നു. പുതിയ കാലത്തിന്റെ വികസന സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താനും വെല്ലുവിളികൾ കാര്യക്ഷമമായി ഏറ്റെടുക്കാനും വിവിധ മേഖലകളിലെ വിദഗ്ധരുടെയും സന്നദ്ധ പ്രവർത്തകരുടെയും സേവനവും പങ്കാളിത്തവും ഉറപ്പ് വരുത്തുന്നതിനും ഗ്രാമപഞ്ചായത്ത് പ്രതിജ്ഞാബദ്ധമായിരുന്നു. സ്ഥിര പ്രാദേശിക സാമ്പത്തിക വളർച്ചയുടെ പ്രഭവ കേന്ദ്രമായി ഗ്രാമപഞ്ചായത്തിനെ മാറ്റിയെടുക്കുക എന്നുള്ളതായിരുന്നു പതിനാലാം പദ്ധതിയുടെ പൊതു സമീപനം. ആഗോള സുസ്ഥിര വികസന ലക്ഷ്യങ്ങൾ നിശ്ചിത സമയത്തിന് മുന്നേ തന്നെ കൈവരിക്കുന്നതിനും സംരംഭകത്വം പരമാവധി പ്രോത്സാഹിപ്പിച്ച് തൊഴിൽ സാധ്യതകളും പൊതു സാമ്പത്തിക നിലയും അഭിവൃത്തിപ്പെടുത്തുന്നതിനും പതിനാലാം പഞ്ചവത്സര പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

ഉത്പാദനമേഖലയിലെ പ്രോജക്ടുകൾ എല്ലാം തന്നെ നവകേരളം കർമ്മപദ്ധതി-2ന്റെ ഭാഗമായ ഹരിതകേരളം മിഷനുമായി ബന്ധപ്പെട്ടായിരുന്നു നടപ്പിലാക്കിയത്. പുതിയ ടേക്ക് എ ബ്രേക്ക്, ശ്മശാനം നവീകരിക്കൽ, വിവിധ കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണം എന്നീ പ്രോജക്ടുകൾ പൂർത്തീകരണഘട്ടത്തിൽ എത്തിയെങ്കിലും ലക്ഷ്യം കൈവരിയ്ക്കാൻ കഴിഞ്ഞിട്ടില്ല.

ജീവിത ശൈലീ രോഗങ്ങൾ വർദ്ധിച്ച് വരുന്ന പശ്ചാത്തലത്തിൽ യോഗയ്ക്കുള്ള സർവ്വ ദേശീയ സ്വീകാര്യത പരമാവധി പ്രയോജനപ്പെടുത്തുന്നതിന് ആയുഷ് വെൽനെസ് സെന്ററിലൂടെ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് തീരുമാനിച്ചു. ശുചിത്വമേറിയതും മാലിന്യമുക്തവുമായ ഗ്രാമസൃഷ്ടിക്ക് പതിനാലാം പദ്ധതി വിഭാവനം ചെയ്യുന്നു.

ജൽജീവൻ മിഷൻ പദ്ധതി വഴി 2024 വർഷത്തോടെ എല്ലാ വീടുകളിലും കുടിവെള്ളം എത്തിക്കുന്നതിനും ലൈഫ് ഭവന പദ്ധതി വഴി എല്ലാവർക്കും സുരക്ഷിതമായ ഭവനം എന്ന ലക്ഷ്യസാധ്യത്തിനും 14-ാം പഞ്ചവത്സര പദ്ധതി പ്രത്യേക പരിഗണന നൽകുന്നതാണ്. ഗ്രാമീണ പാതകൾ മെച്ചപ്പെട്ട രീതിയിൽ സഞ്ചാരയോഗ്യമാക്കുന്നതിനും തെരുവുവിളക്കുകളുടെ കാര്യക്ഷമത ഉറപ്പാക്കുന്നതും പദ്ധതിയുടെ ലക്ഷ്യങ്ങളായിരിക്കും. പ്രകൃതി ദുരന്തങ്ങളെയും കാലാവസ്ഥാ വ്യതിയാനത്തെയും അതിജീവിക്കാനുതകുന്ന ദുരന്തനിവാരണ പദ്ധതിയും പദ്ധതിയുടെ ഊന്നലുകളിലുൾപ്പെടുന്നു.

പ്രോജക്ടുകളുടെ ഫലപ്രാപ്തി, പൂർത്തീകരണം, നിർവഹണഘട്ടങ്ങൾ എന്നിവയിലൊന്നും മോണിട്ടറിംഗ് ഉണ്ടായില്ലയെന്നത് വാർഷികപദ്ധതിയുടെ ഏറ്റവും വലിയ കുറവാണ്. നിർവഹണ ഉദ്യോഗസ്ഥനെ പ്രോജക്ട് ഏല്പിച്ചശേഷം മീറ്റിംഗുകളും ചർച്ചകളും നടത്തി നിർദ്ദേശങ്ങൾ നല്കുന്നതിനപ്പുറം ഫീൽഡ്തല സന്ദർശനങ്ങൾ, രേഖകൾ പരിശോധിക്കൽ തുടങ്ങിയവയിലൂടെ യഥാർത്ഥ നിർവഹണങ്ങൾ വിലയിരുത്തപ്പെടുന്നില്ല. ഭരണസമിതി, സ്റ്റാന്റിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ കാര്യക്ഷമമായ ഇടപെടലുകളിലൂടെ മാത്രമെ വാർഷികപദ്ധതിയുടെ ഫലപ്രാപ്തി സാധ്യമാവുകയുള്ളൂ.

സമയബന്ധിതമായി പ്രോജക്ടുകൾ നടപ്പാക്കാതിരുന്നതിനാൽ ഗ്രാമപഞ്ചായത്തിന് സർക്കാർ ഗ്രാന്റിനത്തിൽ താഴെപ്പറയും പ്രകാരം ആകെ **1.006കോടി** രൂപ ലാപ്സായിട്ടുണ്ട്.

| ഗ്രാന്റ്-ഇനം | അലോട്ട്മെന്റ്/ വരവ് | ചെലവ് | ലാപ്സായ തുക |
|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 16595000 | 12719581 | 875419 |
| മെയിന്റനൻസ് ഗ്രാന്റ്-Road | 12777000 | 5328058 | 7448942 |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 4570000 | 2833566 | 1736434 |
| ആകെ | | | **10060795** |

**1-6 ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2022-23 വർഷം 50 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ 14 വാർഡിലെയും ലേബർ ഗ്രാമസഭ ചേർന്ന് ലേബർ ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. 672 കുടുബങ്ങൾക്ക് 43213 ദിവസം തൊഴിൽ ലഭിച്ചു. ഓഡിറ്റ് വർഷത്തെ ലേബർ ബജറ്റ് പ്രകാരം 711 പ്രവൃത്തികളാണ് വിഭാവനം ചെയ്തത് 43213 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. പഞ്ചായത്തിൽ ആകെയുള്ള 129 അയൽക്കൂട്ടങ്ങളിൽ 85 എണ്ണം പദ്ധതിയുമായി സഹകരിച്ചിട്ടുണ്ട്. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി മഴ ജലസംരക്ഷണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. കാഷ് ബുക്ക് പ്രകാരമുള്ള 2022-23 വർഷത്തെ വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | 5337.3 | |
| വരവ് | EFMS വരവ് | 19222990.30 | 20597181.6 |
| | ക്യാഷ് വരവ് (പലിശ ഉൾപ്പെടെ) | 1368854 | |
| ചെലവ് | തൊഴിലാളികളുടെ വേതനം | 13330921 | 20592146.3 |
| | വിദഗ്ധതൊഴിലാളികളുടെ വേതനം | 1167857 | |
| | ഉപകരണങ്ങളുടെ വില, വാടക | 3572896.3 | |
| | ഭരണചെലവുകൾ(ബാങ്ക് ചാർജ്ജ് ഉൾപ്പെടെ) | 2520472 | |
| | നീക്കിയിരുപ്പ് | 5035.3 | |

31/03/2023 ബാലൻസ് ഷീറ്റ് പ്രകാരം 1090869 രൂപ തൊഴിലുറപ്പിന് മുൻകൂർ നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ട്. തൊഴിലുറപ്പ് ഫണ്ട് ലഭ്യമാക്കി മുൻകൂർ തുക ക്രമീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. സോഷ്യൽ ഓഡിറ്റ് സംവിധാനം കൃത്യമായി പദ്ധതി നിർവ്വഹണം വിലയിരുത്തുന്നുണ്ട്.

**1-7 സാമൂഹ്യസുരക്ഷ പദ്ധതികൾ**

2022-23 വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 10320 | 15 |
| വാർദ്ധക്യകാലപെൻഷൻ | 18243800 | 1426 |
| കർഷകതൊഴിലാളി പെൻഷൻ | 2539400 | 190 |
| വിധവാപെൻഷൻ | 4836200 | 333 |
| 50 വയസിലധികം പ്രായമുള്ള | 339200 | 212 |

| | | |
|---|---|---|
| അവിവാഹിത പെൻഷൻ | | |
| വികലാംഗപെൻഷൻ | 2047600 | 158 |
| വിവാഹധനസഹായം | 90000 | 3 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.11.2023 തീയതിയിൽ 3.00 പി എം- ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 13069/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ആഭ്യന്തരനിയന്ത്രണ സംവിധാനം നിലനിർത്തുന്നതിൽ ഗ്രാമപഞ്ചായത്ത് ഒരു പരിധി വരെ മാത്രമെ വിജയിച്ചിട്ടുള്ളൂ. ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ടെന്ന് പരിശോധനകളിൽ നിന്ന് ബോധ്യപ്പെടുന്നു.

ഗ്രാമപഞ്ചായത്തിൽ ഓഫീസ് ഉത്തരവ് പ്രകാരം കൃത്യമായ ജോലി വിഭജനത്തിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് ഉത്തരവാദിത്തങ്ങൾ വിഭജിച്ച് നൽകിയിട്ടുണ്ട്. പ്രതിമാസം സ്റ്റാഫ് മീറ്റിംഗുകൾ വിളിച്ചുകൂട്ടി ഓഫീസ് പ്രവർത്തനം വിലയിരുത്തുന്ന കാര്യത്തിൽ സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് 2022-23 വർഷത്തിൽ തയ്യാറാക്കിയിട്ടില്ല.

രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്രൊക്യുർമെന്റ് പ്ലാനും ബജറ്റും ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. സ്യൂട്ട് രജിസ്റ്റർ കാലികമാക്കിയിട്ടില്ല. പ്രൊക്യുർമെന്റ് കമ്മറ്റി മിനട്സിൽ എല്ലാ പ്രൊക്യുർമെന്റിലും എടുത്ത തീരുമാനങ്ങൾ രേഖപ്പെടുത്തുന്നില്ല. വാടക കുടിശിക വരവുകൾ ഈടാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ തൃപ്തികരമായ നടപടികൾ സ്വീകരിച്ചിട്ടില്ല. പ്രോജക്ടുകൾ മോണിട്ടറിംഗ് ചെയ്യുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13.01.2017-28.01.2017 | 2011-12 മുതൽ 2015-16 | LBA(HQ)11/8A-2560/16-17/435, തീ 03.03.2017 |
| പെർഫോർമൻസ് ഓഡിറ്റ് | 18.07.2022 | 1/22-03/22 | ലഭ്യമായില്ല |

## 1-11 ഓൺലൈൻ രസീത് വരവുകൾ-IKM-ൽ നിന്നും തുക പഞ്ചായത്തിന് ലഭിക്കുന്നതിന് കാലതാമസം

വിവിധ സേവനങ്ങൾക്കും നികതി-നികുതിയേതര വരവുകൾക്കും ഓൺലൈനായി തുക ഒടുക്കുന്നത് പഞ്ചായത്തിന്റെ 36327574355 നം. എസ്.ബി.ഐ. അക്കൗണ്ടിലേക്കാണ് ലഭിക്കുന്നത്. ഓൺലൈൻ ആയി ലഭിക്കുന്ന തുക IKM അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത ശേഷം പേമെന്റ് ഗേറ്റ്‌വേ മുഖേനയാണ് പഞ്ചായത്തിന് ലഭിക്കുന്നത്. എന്നാൽ ടി വരവുകൾ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് IKM അക്കൗണ്ടിൽ നിന്നും ലഭിക്കുന്നതിന് മാസങ്ങളുടെ കാലതാമസം കാണുന്നു. വിവിധ സേവനങ്ങൾക്കുള്ള ഫീസുൾപ്പെടെ ചെറിയ തുകകളും ഈ അക്കൗണ്ടിൽ ലഭിക്കുന്നതിനാൽ ഇടപാടുകളുടെ എണ്ണം കൂടുകയും തുക ഏത് വരവാണ് എന്നും എന്നാണ് തുക അക്കൗണ്ടിലേക്ക് വരവ് വന്നതെന്നും ട്രേസ് ചെയ്യുന്നതിന് സാങ്കേതികമായ ബുദ്ധിമുട്ടുണ്ടാവുകയും ചെയ്യുന്നു. പഞ്ചായത്തിന്റെ വരുമാനം IKM-ൽ നിന്നും ലഭിക്കാൻ കാലതാമസം ഉണ്ടാകുന്ന വിഷയത്തിൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (31/02.12.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് ഫണ്ട് സമയബന്ധിതമായി അക്കൗണ്ടിൽ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-12 വസ്തു നികുതി തെറ്റായ ഉപയോഗക്രമത്തിൽ നിർണ്ണയിച്ചു**

ഗ്രാമപഞ്ചായത്തിലെ അസ്സസ്സ്മെന്റ് രജിസ്റ്റർ പ്രകാരം താഴെപ്പറയുന്ന കെട്ടിടത്തെ തെറ്റായ ഉപയോഗക്രമത്തിൽ വസ്തു നികുതി നിർണ്ണയിച്ചതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വാർഡ് / കെട്ടിട നമ്പർ/ ഉടമ | 6/598<br>സെക്രട്ടറി ദേവമാതാ കോളേജ് എംപ്ലോയിസ് സഹകരണസംഘം, കുറവിലങ്ങാട്, |
| വിസ്തീർണ്ണം (ച. മീ)/നിലവിലെ ഉപയോഗക്രമം /നിരക്ക് | 75<br>വിദ്യാഭ്യാസാവശ്യം/6/ച.മീ. |
| ഓഡിറ്റ് പരിശോധനയിൽ ബോധ്യപ്പെട്ട ഉപയോഗക്രമം/നിരക്ക് | ഓഫീസ് ആവശ്യത്തിനുള്ളവ /40/ച.മീ. |
| നിലവിൽ ഈടാക്കുന്ന അടിസ്ഥാനവസ്തുനികുതി | 450 രൂപ |
| ഈടാക്കേണ്ടിയിരുന്ന അടിസ്ഥാനവസ്തുനികുതി | 3000 രൂപ |
| അടിസ്ഥാനവസ്തുനികുതിയിൽ വരുത്തേണ്ടിയിരുന്ന വർദ്ധന | 2550 രൂപ |

വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/29.11.23) മറുപടി ലഭ്യമാക്കിയില്ല. വസ്തുനികുതി പുനർ നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-13 വസ്തുനികുതി നിർണ്ണയം - റോഡിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധന കണക്കിലെടുത്തില്ല.**

കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) 2011 ചട്ടം 6 പ്രകാരം വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതിയിൽ 20% വർദ്ധന വരുത്താവുന്നതാണ്. ഗ്രാമപഞ്ചായത്തിലെ അസ്സസ്സ്മെന്റ് രജിസ്റ്റർ പ്രകാരം താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയത്തിൽ റോഡിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധന കണക്കിലെടുത്തതായി കാണുന്നില്ല.

| ക്രമ നമ്പർ | വാർഡ് / കെട്ടിട നമ്പർ/ ഉടമ | കെട്ടിടം സ്ഥിതി ചെയ്യുന്ന റോഡിന്റെ പേരും തരവും | വിസ്തീർണ്ണം(ച മീ), കെട്ടിടത്തിന്റെ തരം/ നിരക്ക് | നിലവിൽ ഈടാക്കുന്ന അടിസ്ഥാനവസ്തുനികുതി | അടിസ്ഥാന വസ്തുനികുതിയിൽ വരുത്തേണ്ടിയിരുന്ന വർദ്ധന |
|---|---|---|---|---|---|
| 1 | 12,177-A, പ്രസാദ് റ്റി സെബാസ്റ്റ്യൻ, | പകലോമറ്റം നസ്രത്ത് ഹിൽ (5 മീറ്ററിലധികം) | 258.07/പാർപ്പിടാവശ്യം/6 | 1548 | 310 |
| 2 | 12,177-,ബേബി സി മാത്യു | പകലോമറ്റം നസ്രത്ത് ഹിൽ (5 മീറ്ററിലധികം) | 225.49/പാർപ്പിടാവശ്യം/6 | 1353 | 271 |
| 3 | 5,207,കെ.എൻ. വിജയൻ | കോഴാ പാല (5 | 218.89/പാർപ്പിടാവശ്യം/6 | 1313 | 263 |

| | | | | | |
|---|---|---|---|---|---|
| | | മീറ്ററിലധികം) | | | |
| 4 | 5,194,കെ.പി പ്രകാശൻ | കോഴാ പാല (5 മീറ്ററിലധികം) | 150/പാർപ്പിടാവശ്യം/6 | 900 | 180 |

വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (6/29.11.23) ലഭ്യമാക്കിയ മറുപടിയിൽ വസ്തുനികുതി പരിഷ്കരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി. തുടർനടപടികളുടെ വിവരങ്ങൾ ഫോറം-6 ഉൾപ്പെടെ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-14 വസ്തുനികുതി നിർണ്ണയം – തറ നിർമ്മിതിയുടെ തരം പരിഗണിച്ചില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും) ചട്ടങ്ങളിലെ ചട്ടം-6 ലെ പട്ടിക-6 പ്രകാരം മേൽത്തരം തറ നിർമ്മിതിയുള്ള 250 ചതുരശ്ര മീറ്ററിലധികം വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതിയിൻമേൽ 15% വർദ്ധനവ് നൽകേണ്ടതാണ്. എന്നാൽ 2022-23 വർഷം നികുതി നിർണ്ണയം നടത്തിയ താഴെപ്പറയുന്ന കെട്ടിടത്തിന്റെ നികുതി നിർണ്ണയിച്ചപ്പോൾ തറനിർമ്മിതിയുടെ തരം പരിഗണിച്ചതായി കാണുന്നില്ല. തറനിർമ്മിതിയുടെ തരം സംബന്ധിച്ച് അപേക്ഷകൻ ലഭ്യമാക്കിയ ഫാറം 2-ലോ പഞ്ചായത്തിന്റെ അന്വേഷണ റിപ്പോർട്ടിലോ രേഖപ്പെടുത്തലില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നം./ ഉടമസ്ഥന്റെ പേര് | ഉപയോഗക്രമം/അടിസ്ഥാന നികുതി നിരക്ക് | വിസ്തീർണ്ണം (ച.മീ.) | അടിസ്ഥാന നികുതി | നൽകേണ്ട വർദ്ധനവ് (15%) |
|---|---|---|---|---|
| 154/A,B,C,D എ.ആർ. അശോക് ,അശോക് ഭവൻ | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ/80 | 326.06 | 26085 | 3913 |
| 130/A,B,C,D ജോജി ജോർജ്ജ്,മാളിയേക്കൽ | പാർപ്പിടാവശ്യം/6 | 445.5 | 2673 | 401 |
| | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ/80 | 241 | 19280 | 2892 |
| | ആകെ | 686.5 | 21593 | 3293 |
| 477/A,B ജോസ് മൈക്കിൾ,ജാൻസി ജോസ്,ചന്ദ്രൻകുന്നേൽ | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ/80 | 281.76 | 22621 | 3393 |

വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (5/29.11.23) ലഭ്യമാക്കിയ മറുപടിയിൽ മേൽ കെട്ടിടങ്ങളുടെ നികുതി നിർണ്ണയിച്ചപ്പോൾ തറ നിർമ്മിതിയുടെ തരം മേൽത്തരം എന്ന രേഖപ്പെടുത്തിയെങ്കിലും സഞ്ചയ സോഫ്റ്റ്‌വെയറിലെ സാങ്കേതിക പിഴവ് കാരണം വർദ്ധന വസ്തുനികുതിയിൽ പ്രതിഫലിച്ചില്ലെന്നും സഞ്ചയ സോഫ്റ്റ്‌വെയറിലെ നികുതി നിർണ്ണയം ഓട്ടോമാറ്റിക് കാൽകുലേഷൻ മുഖേനയാണെന്നും അറിയിച്ചു. ഐ കെ എമ്മുമായി ബന്ധപ്പെട്ട് സാങ്കേതികപ്രശ്നം പരിഹരിച്ച് നികുതി കൃത്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-15 വസ്തുനികുതി പരിഷ്കരണം

വസ്തുനികുതി പരിഷ്കരണത്തിനുള്ള സർക്കാർ നിർദ്ദേശത്തിനനുസരിച്ച് കുറവിലങ്ങാട് ഗ്രാമപഞ്ചായത്ത് ഭരണസമിതി 17/05/2023 ലെ 2(1) നം. തീരുമാന പ്രകാരം നികുതി നിരക്ക് നിർണ്ണയിച്ച് അംഗീകരിച്ചിട്ടുണ്ട്. പഞ്ചായത്ത് ഭരണസമിതി തീരുമാന പ്രകാരമുള്ള നികുതി നിരക്കുകൾ 18-07-23-ലെ എസ്.സി1-2065/2023. നം. കരട് വിജ്ഞാപന പ്രകാരം ആക്ഷേപങ്ങൾ സമർപ്പിക്കുന്നതിനായി 30 ദിവസ കാലയളവ് നൽകി പ്രസിദ്ധീകരിച്ചിട്ടുണ്ട് (പത്രമാധ്യമത്തിൽ ഉൾപ്പടെ). നികുതി പരിഷ്കരണ നടപടികൾ

പൂർത്തിയായിട്ടില്ലാത്തതിനാൽ നിലവിൽ 2023-24 വർഷത്തെ നികുതി പഴയ നിരക്കിലാണ് ഈടാക്കി വരുന്നത്. നിലവിലെ നികുതി നിരക്കും പുതുക്കിയ നിരക്കും (കരട്) സംബന്ധിച്ച ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു. വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ കാര്യത്തിൽ 200 ച.മീ ന് മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ എന്നിവയ്ക്ക് ബാധകമായ നിരക്ക് 80 രൂപയായിരുന്നു. എന്നാൽ പുതുക്കിയ നിരക്ക് പ്രകാരം 100 ച.മീ മുതൽ 500 ച.മീ വരെയുള്ള കെട്ടിടങ്ങൾക്ക് പുതുക്കിയ നികുതി നിരക്ക് 60 രൂപയാണ്. ആയതു പ്രകാരം 200 ച.മീറ്ററിനു മുകളിൽ തറ വിസ്തീർണ്ണം ഉള്ള കെട്ടിടങ്ങളുടെ നികുതി നിരക്കിൽ കുറവ് വന്നതായി കാണുന്നു. വസ്തു നികുതി പുതുക്കി നിശ്ചയിക്കുമ്പോൾ ഇപ്രകാരം പഴയ നിരക്കിനേക്കാൾ കുറഞ്ഞ നിരക്ക്/അതേ നിരക്ക് നിശ്ചയിക്കുന്നതു വഴി മേൽ കെട്ടിടങ്ങളുടെ കാര്യത്തിൽ നികുതി വർദ്ധനവ് സാധ്യമാകുമോ എന്നതിൽ അവ്യക്തതയുണ്ട്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/29.11.23) ലഭ്യമാക്കിയ മറുപടിയിൽ പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. തുടർനടപടികളുടെ വിവരങ്ങൾ അറിയിക്കേണ്ടതാണ്.

**1-16 ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയില്ല.**

2022-23വർഷത്തെ തൊഴിൽ നികുതി സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം | അടക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | റബർ ബോർഡ് ഫീൽഡ് ഓഫീസ് , കുറവിലങ്ങാട് | 2 |
| 2 | സെന്റ് മേരീസ് ബോയ്സ് എൽ പി സ്കൂൾ, കുറവിലങ്ങാട് | 1,2 |
| 3 | സി എച്ച് സി,കുടല്ലൂർ | 1,2 |
| 4 | ഗ്രാമപഞ്ചായത്തിലെ വിവിധ പെട്രോൾ പമ്പുകൾ | 1,2 |
| 5 | ജോസ്കോ ഫുഡ് ഇൻഡസ്ട്രീസ്,കുറവിലങ്ങാട് | 1,2 |
| 6 | വ്യവസായ വികസന ഓഫീസ്,ഉഴവൂർ ബ്ലോക്ക്,കോഴ | 1,2 |
| 7 | വിവിധ ക്ഷീരോദ്പാദക സഹകരണസംഘങ്ങൾ | 1,2 |
| 8 | ഡിജിറ്റിൽ ഇൻഫോയ്സ്,കുറവിലങ്ങാട് | 1,2 |
| 9 | ഫാസ്റ്റ് പി എസ് സി കോച്ചിംഗ് സെന്റർ കുറവിലങ്ങാട് | 1,2 |
| 10 | കോ ഓപ്പറേറ്റീവ് കോളേജ് , കുറവിലങ്ങാട് | 1,2 |
| 11 | ഭാരതമാതാ കോളേജ് ,കുറവിലങ്ങാട് | 1,2 |
| 11 | ഓഷ്യൻ ഫിനാൻസ് ,കുറവിലങ്ങാട് | 1,2 |
| 12 | സെൻട്രൽ ഫിനാൻസ് ,കുറവിലങ്ങാട് | 1,2 |

വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (9/29.11.23) ലഭ്യമാക്കിയ മറുപടിയിന്മേൽ സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി തൊഴിൽ നികുതി പലിശയുൾപ്പെടെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കുന്നതാണെന്ന മറുപടി നൽകി. തൊഴിൽ നികുതി ഈടാക്കി വിവരം രേഖകൾ സഹിതം

ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-17 സ്ഥാപനങ്ങളുടെ ടേണോവർ അടിസ്ഥാനത്തിലുള്ള തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല**

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ടേണോവർ അടിസ്ഥാനത്തിലുള്ള തൊഴിൽ നികുതി രണ്ട് അർദ്ധവർഷങ്ങളിലും ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1. | ആക്സിസ് ബാങ്ക്,കുറവിലങ്ങാട് |
| 2. | കാനറാ ബാങ്ക്,കുറവിലങ്ങാട് |
| 3. | ഓഷ്യൻ ഫിനാൻസ്,കുറവിലങ്ങാട് |
| 4. | സെൻട്രൽ ഫിനാൻസ്,കുറവിലങ്ങാട് |

വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (8/29.11.23) ലഭ്യമാക്കിയ മറുപടിയിൽ തൊഴിൽ നികുതി ഈടാക്കുന്നതാണെന്ന് അറിയിച്ചു. തൊഴിൽ നികുതി ഈടാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-18 വാടക കുടിശ്ശിക നിലനിൽക്കുന്നു**

1. വാടക രജിസ്റ്റർ, ഫയലുകൾ എന്നിവ പരിശോധിച്ചതിൽ 2022-23 വർഷം കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിലെ കെട്ടിടങ്ങൾക്ക് താഴെപ്പറയും വിധം വാടക കുടിശ്ശിക നിലനിൽക്കുന്നു.

| ക്രമ നം | വാടകക്കാരന്റെ പേര് | ഷോപ്പിംഗ് കോംപ്ലക്സ് / റൂം നമ്പർ | പ്രതിമാസ വാടക | കുടിശ്ശിക മാസം | കുടിശ്ശിക തുക |
|---|---|---|---|---|---|
| 1 | ജോസഫ് കുര്യൻ മുത്തപ്ലാക്കൽ | മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് MSC 9 | 945 | 3/2023 | 945 |
| 2 | ബിൻസെന്റ് കൊച്ചുപുരയ്ക്കൽ | മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് MSC 28 | 2940 | 2/2023 - 3/2023 | 5880 |
| 3 | ക്രിസ് വർഗ്ഗീസ് പാറയ്ക്കൽ | ഓൾഡ് പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് OPSC 74 | 573 | 4/2022 - 3/2023 | 6876 |
| 4 | രാഹുൽ ഇടവപ്പറമ്പിൽ | ഓൾഡ് പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് OPSC 78 | 3938 | 4/2022 - 3/2023 | 47256 |
| | | **ആകെ** | | | **60957** |

വാടക കുടിശ്ശിക കൃത്യമായി പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (28/01.12.2023) രാഹുൽ, ഇടവപ്പറമ്പിൽ എന്നയാളുടെ പേരിൽ റവന്യൂ റിക്കവറി

നടപടികൾ സ്വീകരിച്ചിട്ടുള്ളതാണെന്നും മറ്റ് മൂന്ന് പേരിൽ നിന്നും വാടക കുടിശ്ശിക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നിയമനടപടികൾ പൂർത്തീകരിച്ച് കുടിശ്ശിക ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ച് തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

2. 2022-23 വർഷത്തിന് മുൻപുള്ള വർഷങ്ങളിലെ വാടക കുടിശ്ശികയായി 571976/- രൂപ വാർഷിക ധനകാര്യ പത്രികയിൽ നൽകിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ (വാടകക്കാരന്റെ പേര്, മുറി, കുടിശ്ശിക തുക, കാലയളവ് ഉൾപ്പെടെ) ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (28/01.12.2023) നൽകിയതിന് മറുപടി ലഭ്യമായിട്ടില്ല. കുടിശ്ശികക്കാരുടേയും കുടിശ്ശിക തുകകളുടേയും കൃത്യമായ വിവരം കണക്കാക്കി സാക്ഷ്യപ്പെടുത്തി നൽകേണ്ടതും തുക ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

കുടിശ്ശികയുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തി വാടക രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതും തൻവർഷ കുടിശ്ശിക കരാർ പ്രകാരമുള്ള നിയമനടപടികളിലൂടെ ഈടാക്കേണ്ടതുമാണ്. നിയമാനുസൃത നടപടികൾ സ്വീകരിക്കാത്തപക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും കാലഹരണപ്പെടുന്ന കുടിശ്ശികകൾ അനുബന്ധ നികുതികളും പിഴപലിശയും അടക്കം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

**1-19 <u>പഞ്ചായത്തിന്റെ അധീനതയിലുള്ള കെട്ടിടങ്ങൾ ഒഴിഞ്ഞു കിടക്കുന്നു</u>**

കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള 8 കെട്ടിടങ്ങളിലായി 89 മുറികളുള്ളതിൽ താഴെപ്പറയുന്ന മുറികൾ ഒഴിഞ്ഞു കിടക്കുന്നു.

| ക്രമ നം. | കെട്ടിടം | മുറി |
|---|---|---|
| 1 | മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് | MSC 18, 36 |
| 2 | ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് | BSC 47 |
| 3 | ഓൾഡ് പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് | OPSC 67 |
| 4 | പമ്പ് ഹൗസ് കോംപ്ലക്സ് | VSC 77 |

മേൽ മുറികൾ വാടകയ്ക്ക് നൽകാതെ ഒഴിഞ്ഞു കിടക്കുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (27/01.12.2023) MSC 18, OPSC 67 എന്നീ മുറികൾ ഉപയോഗ ശൂന്യമാണെന്നും മറ്റ് മൂന്ന് മുറികൾ ലേലം നടത്തിയെങ്കിലും ആവശ്യക്കാർ ഉണ്ടായിരുന്നില്ലെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഉപയോഗ ശൂന്യമാണെന്ന് കണ്ടെത്തിയ മുറികൾ പരിശോധിച്ച് അപാകത പരിഹരിക്കാവുന്നതാണെങ്കിൽ പരിഹരിക്കുന്നതിനും മറ്റ് മുറികൾ, ആവശ്യമെങ്കിൽ വാടക പുന:പരിശോധിക്കുന്നതിനും പുനർലേലം നടത്തി വാടകയ്ക്ക് നൽകുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്. തനത് വരുമാന സ്രോതസ്സുകൾ ഫലപ്രദമായി വിനിയോഗിക്കുന്നതിൽ വീഴ്ച വരുത്തിയതായി ഓഡിറ്റിൽ കണക്കാക്കുന്നു. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ വിശദമായ അഭിപ്രായം പ്രഥമ മറുപടിയോടൊപ്പം ലഭ്യമാക്കേണ്ടതാണ്.

**1-20 <u>ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു</u>**

1. 1996-ലെ കേരള പഞ്ചായത്തിരാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3 ന് അനുബന്ധമായ 1-ാം പട്ടികയിലെ ഇനം 56 പ്രകാരം ധാന്യങ്ങളുടെ സംഭരണവും വില്പനയും നടത്തുന്ന സ്ഥാപനങ്ങൾ, 139 പ്രകാരം അബ്കാരി ഷാപ്പുകൾ എന്നിവ ഒരു ഗ്രാമപഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കാൻ പാടുള്ളതല്ല. കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിൽ റേഷൻ കടകൾ, ഷാപ്പുകൾ എന്നിവ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതായി കാണുന്നു.

2. വസ്തു നികുതി നിർണ്ണയത്തിനായുള്ള സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം വാണിജ്യ- വ്യവസായ, ഓഫീസ്

ആവശ്യങ്ങൾക്കായി 1707 കെട്ടിടങ്ങൾക്ക് വസ്തു നികുതി നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ ലൈസൻസ് രജിസ്റ്റർ പ്രകാരം 400 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് നൽകിയിട്ടുള്ളത്. ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി കാണുന്നു.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (35/02.12.2023) സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ലൈസൻസ് എടുത്ത് പ്രവർത്തിക്കേണ്ട സ്ഥാപനങ്ങളെ വാർഡുതലത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി ക്രമീകരിക്കേണ്ടതും എല്ലാ സ്ഥാപനങ്ങളേയും ലൈസൻസിന്റെ പരിധിയിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

**1-21 അധിക വിഭവ സമാഹരണം**

പഞ്ചായത്തിന്റെ തനത് വരുമാന സ്രോതസ്സായ വസ്തുനികുതി ഏകദേശം 100% കളക്ഷൻ കൈവരിച്ചിട്ടുണ്ട്. വസ്തുനികുതിക്ക് സർവ്വീസ് സെസ് ഈടാക്കുന്നില്ല. വാടക, ബസ് സ്റ്റാൻഡ് വരവ് ഇനങ്ങളിൽ കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നു. തൊഴിൽ നികുതി, ലൈസൻസ് തുടങ്ങിയവയുടെ അടിസ്ഥാന ഡേറ്റ കൃത്യമായ ഫീൽഡ് പരിശോധനയിലൂടെ പൂർത്തിയാക്കാതിരുന്നതിനാൽ പഞ്ചായത്തിന് ചെറിയ അളവിലെങ്കിലും വരുമാന ചോർച്ച സംഭവിക്കുന്നുണ്ട്. പഞ്ചായത്തിലെ സ്ഥാപനങ്ങളുടെയും ട്രേഡർമാരുടെയും വിവരം കൃത്യമായി അപ്ഡേറ്റ് ചെയ്യുന്ന രീതിയിൽ രജിസ്റ്റർ/ഡാറ്റാബേസ് തയ്യാറാക്കിയാൽ തനത് വിഭവ സ്രോതസ്സുകളുടെ പൂർണ്ണമായും വരുമാനമാക്കി മാറ്റുന്നതിന് സാധിക്കും. പഞ്ചായത്തിൽ സജ്ജമായിട്ടുള്ള കെട്ടിടങ്ങളുടെ ഡേറ്റാബേസുമായി മറ്റ് വരുമാന സ്രോതസ്സുകളുടെ ഡേറ്റയെ ബന്ധിപ്പിക്കുന്നതിലൂടെയും വിവിധ ആവശ്യങ്ങൾക്കായുള്ള കെട്ടിടങ്ങളെ മാപ്പ് ചെയ്ത് എല്ലാവിധ തൊഴിൽ നികുതി/ലൈസൻസ് വിഭവ സ്രോതസ്സുകൾ പരമാവധി ഡിമാന്റിലുൾപ്പെടുത്താനും കഴിയും. പഞ്ചായത്തിന്റെ തനത് വരുമാന സ്രോതസ്സുകൾ കണ്ടെത്തി ഡിമാന്റിന് സജ്ജമാക്കുന്നതിന് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ നേതൃത്വത്തിൽ നടപടികൾ ഊർജ്ജിതമാക്കേണ്ടതാണ്.

**1-22 ചെലവ് തുകകൾ തിരികെ ലഭ്യമായിട്ടില്ല**

1. EGSPI (ഇജിഎസ്പിഐ) വഴിയുള്ള പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗം സംബന്ധിച്ച് ജീവനക്കാർക്ക് 2022 ജൂൺ 23, 24 തീയതികളിൽ പരിശീലനം നൽകുന്നതിന് തുക ചെലവഴിക്കുന്നതിനും കിലയിൽ നിന്ന് തുക തിരികെ ലഭ്യമാകുന്ന മുറയ്ക്ക് റീഫണ്ട് നൽകുന്നതാണെന്നും 21.06.2022 ലെ DDP-KTM/883 /2021-A3 നമ്പർ കത്ത് പ്രകാരം കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ നിർദ്ദേശിച്ചിരുന്നു. മേൽ പരിശീലനത്തിനായി 22200386/05.09.2022 നം. വൗച്ചർ പ്രകാരം 43326/- രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിരുന്നു.

2. ആശ്രയ ചലഞ്ച് ഫണ്ടിൽ തുക കുറവായതിനാൽ 22200689/20.12.2022 നം. വൗച്ചർ പ്രകാരം 66000/- രൂപ കുടുംബശ്രീക്ക് തനത് ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. ചലഞ്ച് ഫണ്ട് ലഭ്യമാകുമ്പോൾ മേൽ തുക തിരികെ ലഭ്യമാക്കുന്നതാണെന്ന് കുടുംബശ്രീ കമ്മ്യൂണിറ്റി ഡവലപ്മെന്റ് സൊസൈറ്റി സെക്രട്ടറിയുടെ 31.08.2022 ലെ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്.

മേൽ ചെലവ് തുകകൾ തിരികെ ലഭ്യമായത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (34/02.12.2023) തുക തിരികെ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ചെലവ് തുകകൾ തിരികെ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

**1-23 ഇ-ടെണ്ടർ ഫോറവില -പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ലഭ്യമായിട്ടില്ല**

2022-23 വർഷം ഗ്രാമപഞ്ചായത്ത് ഇ-ടെണ്ടർ വഴി നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ ടെണ്ടർഫോറവില എൽ എസ് ജി ഡി എക്സിക്യൂട്ടീവ് എഞ്ചിനീയർ കോട്ടയത്തിന്റെ അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. ടി വർഷം 24800 രൂപ ടിയിനത്തിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിരുന്നു. പ്രസ്തുത തുക പഞ്ചായത്തിന് ലഭ്യമായിട്ടില്ല. തുക ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ചീഫ് എഞ്ചിനീയറുടെ 17-08-2017 ലെ DB1/7942/2010/CE/LSGD നം. സർക്കുലർ പ്രകാരം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ക്രെഡിറ്റ് ചെയ്യുന്നതിന് ഒരു കറണ്ട് അക്കൗണ്ട് ആരംഭിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇ-ടെണ്ടർ ഫോറവില സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 11/30.11.23)യ്ക്ക് മറുപടിയായി നിലവിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ ഒരക്കൗണ്ട് ഉള്ളതിനാൽ പുതിയ അക്കൗണ്ട് തുടങ്ങാൻ സാധ്യമല്ലെന്ന് അറിയിച്ചിരുന്നെന്നും നിലവിലുള്ള അക്കൗണ്ട് മാപ്പിങ്ങിന് അയച്ചിരുന്നെങ്കിലും അത് സാധ്യമായില്ലെന്നും

അറിയിച്ചു. അക്കൗണ്ട് മാപ്പിംഗ് നടത്തി മുൻ വർഷത്തെ തുകയുൾപ്പെടെ ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ലഭ്യമാക്കി ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മാറ്റി നൽകേണ്ടതാണ്.

**1-24 അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിൽ - 72986/- രൂപ അവശേഷിക്കുന്നു**

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളിൽ ഉൾപ്പെട്ട തനത് ഫണ്ട് വിഹിതം നല്കുന്നതിനുള്ള തുക, അസിസ്റ്റന്റ് എഞ്ചിനീയറുടെ റിക്വസിഷൻ പ്രകാരം ചെക്ക് മുഖേന അസിസ്റ്റന്റ് എഞ്ചിനീയർക്ക് നല്കുകയും, അസിസ്റ്റന്റ് എഞ്ചിനീയർ ഈ തുക അക്കൗണ്ടിൽ നിക്ഷേപിച്ച് കരാറുകാർക്ക് ചെക്ക് പ്രകാരം നല്കുകയും നികുതിവിഹിതങ്ങൾ അതാത് ശീർഷകങ്ങളിൽ അടവാക്കുകയുമാണ് ചെയ്യുന്നത്. ഈ ആവശ്യത്തിനായി അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള റ്റി എസ് ബി (അക്കൗണ്ട് നം. 33418785140) അക്കൗണ്ടിൽ 10/11/23-ൽ 72986 രൂപ നീക്കിയിരിപ്പുണ്ട്. നീക്കിയിരിപ്പിന്റെ വിശദാംശങ്ങളും അക്കൗണ്ടിൽ ഇത്രയും വലിയ തുക നീക്കിയിരിപ്പായി അവശേഷിക്കുന്നതിനുള്ള കാരണവും വ്യക്തമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (15/30.11.23.23) കരാറുകാരുടെ പാർട്ട് ബിൽ റിട്ടെൻഷൻ തുകയായ 26678/- രൂപയും ബാക്കി തുക IT, GST, KCWWF എന്നീ ശീർഷകങ്ങളിൽ അടവാക്കാനുള്ള തുകയുമാണെന്ന് മറുപടി ലഭ്യമാക്കി. സർക്കാരിലേക്കോ ഇതര സ്ഥാപനങ്ങൾക്കോ അടവാക്കേണ്ട തുക യഥാനുസരണം നിശ്ചിത ശീർഷകത്തിൽ അടവാക്കേണ്ടതാണ്.

ബാലൻസ് തുകയുടെ കൃത്യമായ വിശദാംശങ്ങൾ പരിശോധിച്ച് ഉറപ്പാക്കി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. മാത്രമല്ല നിലവിൽ ഗുണഭോക്താവിന്റെ/കരാറുകാരന്റെ/സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള ഡി.ബി.റ്റി സൗകര്യം ഉള്ളതിനാൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ ഈ ഉദ്ദേശ്യത്തിനായി പ്രത്യേക അക്കൗണ്ട് നിലനിർത്തേണ്ട ആവശ്യമില്ലാത്തതിനാൽ അക്കൗണ്ട് ക്ലോസ് ചെയ്യാവുന്നതുമാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടേയും പഞ്ചായത്ത് ഭരണസമിതിയുടേയും തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ സ്രോതസ്സിൽ കുറവ് ചെയ്ത നികുതി വിഹിതങ്ങൾ യഥാസമയം അടവാക്കാത്തതിന് അതാത് വകുപ്പിൽ നിന്ന് ഫൈൻ ചുമത്തുന്നത് ഉൾപ്പെടെയുള്ള തുടർ നടപടികൾക്ക് നിർവ്വഹണോദ്യോഗസ്ഥൻ ഉത്തരവാദിയായിരിക്കുന്നതാണ്.

**1-25 പ്രത്യേക കന്നുകുട്ടി പരിപാലനം - പ്രോജക്ട് നടപ്പായില്ല.**

| | |
|---|---|
| പ്രോജക്ടിന്റെ പേര് / നമ്പർ | പ്രത്യേക കന്നുകുട്ടി പരിപാലനം - 57/22-23 |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| അടങ്കൽ | 637500 – വികസനഫണ്ട് ജനറൽ<br>50000– തനത് ഫണ്ട് |
| ചെലവ് ,ഫണ്ടിനം | 50000– തനത് ഫണ്ട് |
| ബിൽ നമ്പർ | 259/28.03.23 |

പ്രോജക്ട് പ്രകാരം 50000 രൂപ കാഫ് ഫീഡ് സബ്സിഡി പദ്ധതിയുടെ അക്കൗണ്ടിലേയ്ക്ക് കൈമാറി നൽകിയിരുന്നു. പ്രോജക്ട് നടപ്പാക്കിയത് സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/30.11.23) ലഭ്യമാക്കിയ മറുപടിയിൽ പ്രോജക്ടിനായുള്ള വികസന ഫണ്ട് ജനറൽ വിഹിതമായ 450000 രൂപയുടെ ബിൽ ട്രഷറി നിയന്ത്രണം മൂലം പാസ്സായില്ലെന്നും ആയതിനാൽ തൻവർഷം നടപ്പായില്ലെന്നും 2023-24 വർഷം മേൽ പ്രോജക്ട് സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുണ്ടെന്നും തനത് ഫണ്ടിൽ നിന്നും മാറിനൽകിയിട്ടുള്ള 50000 രൂപ കുറച്ചുള്ള തുക മാത്രമേ 2023-24 വർഷം കൈമാറുകയുള്ളുവെന്നും അറിയിച്ചു. തനത് ഫണ്ടിൽ സുലേഖ പത്രിക പ്രകാരം 2022-23 വർഷം ചെലവഴിച്ച 50000 രൂപ കന്നുകുട്ടി പരിപാലന പദ്ധതിയിൽ ഉപയോഗിച്ചുവെന്ന് ഉറപ്പുവരുത്തി വിനയോഗസാക്ഷ്യപത്രം സഹിതം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-26 മരുന്നു /ഉപകരണങ്ങൾ ലഭ്യമായില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്റ്റ് | പാലിയേറ്റീവ് കെയർ<br>3/22-23 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,കുറവിലങ്ങാട് താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി |
| ചെലവഴിച്ച തുക/ഫണ്ടിനം | 628038-വികസന ഫണ്ട് ജനറൽ |
| ബിൽ നം. | 29/26.08.22 – 129740<br>30/26.08.22 – 41630<br>60/05.11.22 – 277623<br>84/03.12.22 – 13865<br>112/24.12.22 – 41530<br>134/16.01.23 – 41350<br>173/02.03.23 – 41150<br>263/28.03.23 – 41150 |

മേൽ പ്രോജക്റ്റിനായി 60/05.11.2022 ബിൽ പ്രകാരം ചെലവഴിച്ച 277623/- രൂപയിൽ 152223/- രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും മരുന്ന്/ഉപകരണങ്ങൾ വാങ്ങുന്നതിനായി പ്രസ്തുത സ്ഥാപനത്തിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. മരുന്ന്/ഉപകരണങ്ങൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ, മരുന്നുകൾ സ്റ്റോക്കിൽ ചേർത്തതിന്റെ വിവരങ്ങൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/30.11.23) മറുപടി ലഭ്യമാക്കിയില്ല.മരുന്ന് /ഉപകരണങ്ങൾ ലഭ്യമാക്കി വിവരം ഇൻവോയ്സ്/സ്റ്റോക്ക് രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വിശദാംശങ്ങൾ ലഭ്യമാകുന്നതുവരെ ചെലവഴിച്ച 152223/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-27 ബയോഗ്യാസ് പ്ളാന്റ് സ്ഥാപിക്കൽ- അധികം തുക നൽകി

| | |
|---|---|
| പ്രോജക്റ്റ് നം./പേര് | 23/23 ബയോഗ്യാസ് പ്ളാന്റ് |
| അടങ്കൽ | 1152000(കേന്ദ്രാവിഷ്കൃത ഫണ്ട്)<br>240000 (തനത് ഫണ്ട്)<br>--------<br>1392000 |
| ചെലവ് | 1152000(കേന്ദ്രാവിഷ്കൃത ഫണ്ട്)<br>48129 (തനത് ഫണ്ട്)<br>----------<br>1200129 (2022-23) |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ |
| ബിൽ നമ്പർ | 358808/-<br>വൗച്ചർ നമ്പർ 22200229/30.07.22<br>793192/-<br>വൗച്ചർ നമ്പർ 22201023/30.03.23<br>48129/- |

| | |
|---|---|
| | വൗച്ചർ നമ്പർ22201025/30.03.23 |

ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി ഗ്രാമപഞ്ചായത്ത് മാർക്കറ്റിൽ 500kg/day ശേഷിയുള്ള ഫിക്സഡ് ഡോം ടൈപ്പ് ബയോഗ്യാസ് പ്ലാന്റ് ശുചിത്വ മിഷന്റെ ഫണ്ടുപയോഗിച്ച് സ്ഥാപിക്കുന്നതിന് 2019-20 വർഷം (പ്രോജക്ട് നം.149/20) ആവിഷ്കരിച്ചതായിരുന്നു മേൽ പ്രോജക്ട്. അക്രെഡിറ്റഡ് ഏജൻസി മുഖേന നിർവ്വഹണം നടത്തുന്നതിനായി തയ്യാറാക്കിയിട്ടുള്ള 17,40,000/- രൂപയുടെ എസ്റ്റിമേറ്റിന് 15/02/20ലെ 935/സി6/2012എസ് എം കത്ത് മുഖേന ശുചിത്വമിഷൻ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. പ്രോജക്ട് സ്പിൽ ഓവറായി തുടരുകയും ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനായി അക്രഡിറ്റഡ് ഏജൻസിയായ IRTC മുണ്ടൂർ എന്ന സ്ഥാപനവുമായി 26.02.2021 ൽ കരാറിലേർപ്പെടുകയും ചെയ്തു. പദ്ധതി പ്രവർത്തനം തുടങ്ങുന്നതിനായി 20% തുകയായ 3,48,000/- രൂപ മുൻകൂറായി സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് 2021-22 വർഷവും പ്രവൃത്തി പൂർത്തിയാക്കി 12,00,129/- രൂപ 2022-23 വർഷവും നൽകിയതുൾപ്പെടെ ആകെ 15,48,129/- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നു.

1. ശുചിത്വമിഷൻ സാങ്കേതികാനുമതി ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരം ടെക്നിക്കൽ സപ്പോർട്ടിനുള്ള കൺസൾട്ടൻസിചാർജ്ജ്, നെയിംബോർഡ് സ്ഥാപിക്കൽ, 7.5hp പൾവറൈസർ സ്ഥാപിക്കൽ, ഇലക്ട്രിഫിക്കേഷൻ ചാർജ്ജ്, പ്ലംബിങ്ങ് എന്നിവയ്ക്ക് ലംപ്സം പ്രൊവിഷൻ അനുവദിച്ചിരുന്നു. ഇലക്ട്രിഫിക്കേഷൻ പ്രവൃത്തി നടത്തിയിരുന്നതിന് സാധനങ്ങൾ വാങ്ങിയതിന് മറ്റത്തിൽ ഇലക്ട്രിക്കൽ ആൻഡ് സാനിവെയർ എന്ന സ്ഥാപനത്തിന്റെ കാഷ് ബില്ലിന്റെ അടിസ്ഥാനത്തിൽ 12805 രൂപയും പ്രവൃത്തി നടത്തിയതിനുള്ള ലേബർ ചാർജ്ജിനത്തിൽ മാത്യു എം എഫ് മുളക്കാട് എന്ന വ്യക്തിക്ക് 8000 രൂപയും കെ എസ് ഇ ബിയിൽ തുക അടവാക്കിയതിന്റെ രസീത് പ്രകാരം 12993 രൂപയും ഉൾപ്പെടെ 33798/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 5000 രൂപയ്ക്ക് മുകളിലുള്ള ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ പിഡബ്ല്യുഡി ഇലക്ട്രിഫിക്കേഷൻ വിങ്ങ് തയ്യാറാക്കിയ എസ്റ്റിമേറ്റനുസരിച്ച് മരാമത്ത് നടപടിക്രമങ്ങൾ പാലിച്ചായിരുന്നു നിർവ്വഹണം നടത്തേണ്ടിയിരുന്നത്. മേൽ നടപടിക്രമങ്ങൾ ടി പ്രോജക്ടിൽ പാലിച്ചതായി കാണുന്നില്ല.

2. 7.5HP കപ്പാസിറ്റിയുള്ള പൾവറൈസർ വാങ്ങുന്നതിന് എസ്റ്റിമേറ്റിൽ 4,05,000 രൂപ ലംപ്സമായി വകയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ മരിയാ എഞ്ചിനീയറിംഗ് വർക്ക്സ് കോയമ്പത്തൂർ എന്ന സ്ഥാപനത്തിൽ നിന്ന് പൾവറൈസർ വാങ്ങിയതിന് 18% ജി എസ് റ്റി ഉൾപ്പെടെ 2,24,200 രൂപയും കൺവെയൻസ് ചാർജ്ജ് 23,000 രൂപയും മെഷീനറി സ്ഥാപിച്ചതിന്റെ കൂലി 4,500 രൂപയും ഉൾപ്പെടെ 2,51,700 രൂപ ചെലവഴിച്ചിട്ടുണ്ട്. സ്റ്റോർ പർച്ചേസ് മാനുവൽ പ്രകാരം ഒരു ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതാണെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല. സ്ഥാപനം സമർപ്പിച്ച പർച്ചേസ് ബില്ലിൽ സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിയിട്ടില്ല. ടി ബിൽ നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. സ്പെസിഫിക്കേഷൻ പ്രകാരമുള്ള മെഷീനറിയാണ് സ്ഥാപിച്ചതെന്ന് അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല.

3. 20000 രൂപ Technical Supportന് ചെലവഴിച്ചതായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ടി ചെലവിനെ സാധൂകരിക്കുന്ന രേഖകൾ ഫയലിൽ ലഭ്യമല്ല.

4.ശുചിത്വമിഷൻ സാങ്കേതികാനുമതി ലഭ്യമാക്കിയതു പ്രകാരം ബയോഗ്യാസ് പ്ലാന്റ്, പൾവറൈസർ സ്ഥാപിക്കുന്നതിനുള്ള ഷെഡ് നിർമ്മാണം എന്നിവയ്ക്ക് മാത്രമാണ് 12% ജി എസ് റ്റി കോമ്പൻസേഷൻ അനുവദിക്കാവുന്നത്. എന്നാൽ സിവിൽ വർക്കിൽ ഉൾപ്പെടാത്ത താഴെ പറയുന്ന ഇനങ്ങൾക്ക് 18% നിരക്കിൽ കോമ്പൻസേഷൻ അനുവദിച്ചതിനാൽ കരാറുകാരന് അധികം തുക നൽകി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| കൺസൾട്ടൻസി ചാർജ്ജ് | 20000 |
| നെയിം ബോർഡ് സ്ഥാപിക്കൽ | 3000 |
| പൾവറൈസർ സ്ഥാപിക്കൽ | 251700 |
| ഇലക്ട്രിഫിക്കേഷൻ | 33798 |
| ആകെ | 308498 |

| | |
|---|---|
| ടി ഇനങ്ങൾക്ക് അനുവദിച്ച ജി എസ് റ്റി കോമ്പൻസേഷൻ | 55530 |

ജി എസ് റ്റി കോമ്പൻസേഷന് അർഹതയില്ലാത്ത ഇനങ്ങൾക്ക് ജി എസ് റ്റി അനുവദിച്ചതിനാൽ 55530 രൂപ ഏജൻസിക്ക് അധികം നൽകിയിട്ടുണ്ട്. ഇലക്ട്രിഫിക്കേഷനുള്ള സാധനങ്ങൾ വാങ്ങിയ കാഷ് ബില്ലിലും പൾവറൈസർ സ്ഥാപിച്ച കാഷ് ബില്ലിലും 18% ജി എസ് റ്റി അനുവദിക്കുകയും ചെയ്തിരുന്ന സാഹചര്യത്തിൽ വീണ്ടും കോമ്പൻസേഷൻ അനുവദിച്ചത് ശരിയായ നടപടിയല്ല.

5. IRTC മുണ്ടൂരുമായി ഏർപ്പെട്ട ധാരണാപത്രം പ്രകാരം അഡ്വാൻസ് കൈപ്പറ്റി പരമാവധി നാലുമാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കേണ്ടതാണ്. എന്നാൽ മുൻകൂർ നൽകിയ 27.08.2021 ന ശേഷം 5/03/2023ലാണ് പ്രവൃത്തി പൂർത്തിയായതെന്ന കാണുന്നു. യഥാസമയം പ്രോജക്ട് പൂർത്തീകരിക്കാത്ത ഏജൻസിയിൽ നിന്ന് പൊതുമരാമത്ത് മാന്വൽ പ്രകാരമുള്ള ഫൈൻ ഈടാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് രേഖാമൂലം വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട നൽകിയ അന്വേഷക്കുറിപ്പിന് (24/01.12.23) മറുപടി ലഭ്യമാക്കിയില്ല. ശുചിത്വമിഷൻ നൽകിയ സാങ്കേതികാനുമതി രേഖ പ്രകാരം നിർവ്വഹണ ഘട്ടങ്ങളിൽ ആവശ്യമായ പരിശോധന തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ എഞ്ചിനീയർ നടത്തി ഉറപ്പ് വരുത്തേണ്ടതാണെന്ന് വ്യക്തമാക്കുന്നുണ്ട്. ആയതിനാൽ അർഹതയില്ലാത്ത ഇനങ്ങൾക്ക് ജി എസ് റ്റി കോമ്പൻസേഷൻ അനുവദിച്ചതിനാൽ ഏജൻസിക്ക് അധികം നൽകിയ 55530 രൂപ നിർവ്വഹണ ഏജൻസിയിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം തുക നൽകിയ നിർവ്വഹണ ഉദ്യോഗസ്ഥനിൻ നിന്നും തിരികെ ഈടാക്കേണ്ടതാണ്. 55530/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. അപാകതകളുടെ അടിസ്ഥാനത്തിൽ നിരാകരിച്ച തുകയായ 55530/- രൂപ കിഴിച്ച് ബാക്കി 1144599/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-28 നിശ്ചിത സമയത്തിനുള്ളിൽ കരാറിൽ എർപ്പെടാത്ത കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല**

2012 ലെ പുതുക്കിയ പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009 (6) പ്രകാരം സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനകം പിഴ ഇല്ലാതെയും തുടർന്ന് 10 ദിവസം പി എസി യുടെ 1% പിഴ ഈടാക്കിയും കരാർ ചമയ്ക്കുന്നതിന് അനുവദിക്കാവുന്നതാണ്. എന്നാൽ ചുവടെ ചേർക്കുന്ന പ്രവൃത്തിയിൽ നിയമാനുസൃത സമയപരിധി കഴിഞ്ഞിട്ടും പിഴ ഈടാക്കാതെ കരാറിൽ ഏർപ്പെട്ടതായി കാണുന്നു.

| ക്രമ നം | പ്രോജക്ട്, പ്രോജക്ട് നമ്പർ കരാറുകാരൻ കരാർനമ്പർ/തീയതി | സെലക്ഷൻ നോട്ടീസ് പ്രകാരം പിഴയില്ലാതെ കരാർ വയ്ക്കാവുന്ന അവസാന തീയതി | കരാർ തീയതി, കരാർ തുക | പിഴ 1% നിരക്കിൽ |
|---|---|---|---|---|
| 1 | 29/23, വിവിധ അങ്കണവാടികളുടെ മെയിന്റനൻസ് സണ്ണി വി ഡി 38 /AE/LSGD /KVGD/21-22 30.03.22 | 28.03.22 | 30.03.22, 849381 | 8493 |
| 2 | 44/23 പാറ്റാനി വലിയതോട് കാനനിർമ്മാണം ഷാജി ജോസഫ് | 28.03.22 | 31.03.2022 441959 | 4420 |

| | | | | |
|---|---|---|---|---|
| | 39 AE/LSGD/KVGD/ 21-22 31.03.22 | | | |

കരാർ വക്കുന്നതിന് കാലതാമസം നേരിട്ടതിന് ഈടാക്കേണ്ട പിഴ കരാറുകാരനിൽ നിന്നും ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ അന്വേഷക്കുറിപ്പിന് (18/30.11.23) പൊതുപണിമുടക്കായതിനാലാണ് പിഴ ഈടാക്കാതെ കരാറിലേർപ്പെട്ടത് എന്ന് മറുപടി ലഭ്യമാക്കി. പൊതുമരാമത്ത് നടപടിക്രമങ്ങൾ പാലിക്കാതെ കരാറിലേർപ്പെടാൻ അനുമതി നൽകിയത് ക്രമപ്രകാരമല്ല. മാന്വൽ പ്രകാരമുള്ള ഫൈൻ ഈടാക്കേണ്ടതാണ്.

**1-29 കുടിവെള്ളപദ്ധതികൾ - പൂർത്തീകരണം,നടത്തിപ്പ് സംബന്ധിച്ച വിവരങ്ങൾ തയ്യാറാക്കുന്നില്ല**

ഗ്രാമപഞ്ചായത്തിൽ താഴെ ചേർക്കുന്ന കുടിവെള്ള പദ്ധതികൾക്കായി തുക ചെലവഴിച്ചിട്ടുണ്ട്. 14-ാം വാർഷികപദ്ധതി മാർഗ്ഗരേഖ പ്രകാരം നിർമ്മാണ പ്രോജക്റ്റുകൾ തയ്യാറാക്കുമ്പോൾ പദ്ധതി പൂർത്തീകരിക്കുവാൻ ഏതൊക്കെ ഇനം പ്രവൃത്തികൾ ആവശ്യമുണ്ടോ അതെല്ലാം ആദ്യ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തണമെന്നും ഫണ്ടിന്റെ അപര്യാപ്തതയുണ്ടെങ്കിൽ ബഹുവർഷ പ്രോജക്റ്റായി ഉൾപ്പെടുത്താമെന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു. എന്നാൽ മേൽ കുടിവെള്ള പദ്ധതി പൂർത്തീകരിക്കുന്നതിനാവശ്യമായ ഇനങ്ങൾ പ്രോജക്റ്റിലുൾപ്പെടുത്തിയിരുന്നില്ല. വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

| ക്രമ നമ്പർ | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | ഫണ്ടിനം | ചെയ്ത പ്രവൃത്തികൾ |
|---|---|---|---|---|---|
| 1 | 13/23 | വിവിധ കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റപ്പണി | 47592 | ധനകാര്യകമ്മീഷൻ ഗ്രാന്റ് | വിവിധ കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റപ്പണി |
| 2 | 14/23 | കർമ്മലഗിരി കുടിവെള്ള പദ്ധതി അറ്റകുറ്റപ്പണി | 199787 | ” | പമ്പ് സ്ഥാപിക്കൽ |
| 3 | 26/23 | ഓലിക്കാമല കുടിവെള്ള പദ്ധതി | 352081 | ” | കിണർ നിർമ്മാണം, പൈപ്പ് സ്ഥാപിക്കൽ |
| 4 | 37/23 | കല്ലുംകൂട്ടം കുടിവെള്ള പദ്ധതി വിപുലീകരണം | 208174 | ” | വാട്ടർ ടാങ്ക് സ്ഥാപിക്കൽ, പമ്പിങ്ങ് മെയിൻ സ്ഥാപിക്കൽ, വിതരണപൈപ്പുകൾ സ്ഥാപിക്കൽ |

14-ാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ 6.6.7 കുറിപ്പ് 3 പ്രകാരം കുടിവെള്ള പദ്ധതികൾ അവയുടെ തുടർ നടത്തിപ്പും അറ്റകുറ്റപ്പണിയുടെ ചുമതലയും ബന്ധപ്പെട്ട ഗുണഭോക്താക്കളുടെ സമിതിയെ ഏല്പിക്കേണ്ടതും അപ്രകാരം ഏറ്റെടുക്കാമെന്ന കരാർ വെച്ചതിനു ശേഷമേ പ്രവൃത്തി നിർവ്വഹണം നടത്താവൂ എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കുടിവെള്ള പദ്ധതികളുടെ നിലവിലെ അവസ്ഥ, പ്രവർത്തനം ആരംഭിച്ചതിന്റെ വിവരം, ഗുണഭോക്തൃ സമിതിയുമായി കരാറിൽ ഏർപ്പെട്ടതിന്റെ വിവരം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. അപാകതകൾ ശ്രദ്ധയിൽപ്പെടുത്തി നൽകിയ അന്വേഷണക്കുറിപ്പിന് (നം.23/01.12.23) മറുപടി ലഭ്യമാക്കിയില്ല.

എല്ലാ കുടിവെള്ള പ്രോജക്റ്റുകൾക്കും പരമാവധി ഗുണഭോക്തൃവിഹിതം സമാഹരിക്കണമെന്നും കുടിവെള്ള പ്രോജക്റ്റുകളുടെ തുടർനടത്തിപ്പും സംരക്ഷണവും ഗുണഭോക്തൃസമിതികളെ ഏൽപ്പിക്കണമെന്നുമുള്ള വ്യവസ്ഥകൾ പാലിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ സജീവ

ശ്രദ്ധ ക്ഷണിക്കുന്നു.

**1-30 പൂർത്തീകരണ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തികരിച്ചില്ല- പിഴ ഈടാക്കിയില്ല**

ജി.ഒ(പി)13/PWD/ 1-2-2012 പ്രകാരമുള്ള 2012ലെ പുതുക്കിയ പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2112 പ്രകാരം യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്ത പക്ഷം കാലാവധിയുടെ 20% പിഴയില്ലാതെയും തുടർന്ന് ഒരു തവണ PAC തുകയുടെ 1% പിഴയോടെയും തുടർന്നുള്ള കാലാവധി ദീർഘിപ്പിക്കലിന് 2% പിഴയും ഈടാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. താഴെപറയുന്ന പ്രോജക്ടുകൾ നിയമാനുസൃത സമയപരിധിക്കുള്ളിൽ പൂർത്തിയായില്ല. എന്നാൽ പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്നും ഫൈൻ ഈടാക്കിയില്ല. കൂടാതെ സമയം ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ അപേക്ഷ നൽകുകയോ സപ്ലിമെന്ററി കരാറിൽ ഏർപ്പെടുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ,പേര് | കരാറുകാരൻ, അളവ് പുസ്തകം | കരാർ | പൂർത്തി കരിക്കേണ്ട തീയതി | പൂർത്തികരിച്ച തീയതി | പി എ സി |
|---|---|---|---|---|---|
| 25/23 കോഴ നെടിയാക്കൽ റോഡ് | ജോസഫ് സെബാസ്റ്റ്യൻ, 381/21-22 | 53/AE/ LSGD/KVGD DT 04/11/20 | 03/05/21 | 29/03/22 | 437553.68 |

നിയമാനുസൃത സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരനിൽ നിന്നും ഫൈൻ ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന് (21/30.11.23) മറുപടി ലഭ്യമാക്കിയില്ല. നിശ്ചിത നിരക്കിൽ ഫൈൻ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**1-31 ടാർവീപ്പകളുടെ വില – നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് അടവാക്കിയിട്ടില്ല**

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ റോഡ് ടാറിംഗ് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ കാലിബാരൽവില ഉൾപ്പെടെയുള്ള തുക ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുണ്ടെങ്കിലും ആയത് നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് തിരിച്ചടയ്ക്കാതെ പഞ്ചായത്തിന്റെ തനതുഫണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുള്ളതായി കാണുന്നു. തദ്ദേശ സ്വയംഭരണവകുപ്പിന്റെ 30.10.17-ലെ 59827/എഫ്.എം/07 നമ്പർ സർക്കുലർ പ്രകാരം ടാറിംഗ് പ്രവൃത്തികളിൽ ഉപയോഗിക്കുന്ന കാലിവീപ്പകളുടെ വില ഏത് ഫണ്ടിൽനിന്നാണോ ടാർ വാങ്ങിയത് അഥവാ ഏത് ഫണ്ട് വിനിയോഗിച്ചാണോ പ്രവൃത്തി നടത്തിയത് അതേ ഫണ്ടിലേക്ക്, ധനകാര്യവകുപ്പിന്റെ 12.4.06-ലെ ജി.ഒ.(പി)177/06 നമ്പർ ഉത്തരവിലെ ഖണ്ഡിക 10.3 പാലിച്ച് തിരിച്ചടയ്ക്കേണ്ടതാണ്.

ആയതിനാൽ ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത കാലിവീപ്പകളുടെ വില തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് ക്രമപ്രകാരമല്ല. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന് (നം.17/30.11.23) ലഭ്യമാക്കിയ മറുപടിയിൽ തുക തിരികെ അടവാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് നിർവ്വഹണോദ്യോഗസ്ഥ മറുപടി ലഭ്യമാക്കി. തൻവർഷം ലഭിച്ച 26414/- രൂപ സർക്കാർ നിർദ്ദേശാനുസരണം തിരികെ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

**1-32 പാറ്റാനി വലിയതോട് കാനനിർമ്മാണം – നിരാക്ഷേപ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.**

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥനായി ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത നടപ്പിലാക്കിയ പാറ്റാനി വലിയതോട് കാനനിർമ്മാണം എന്ന പ്രോജക്ടിനായി (44/23) 494545 രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണം നടത്തിയിട്ടുള്ള സാഹചര്യത്തിൽ മൈനർ ഇറിഗേഷൻ വകുപ്പിൽ നിന്നും ലഭ്യമാക്കിയ NOC യുടെ പകർപ്പ് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന് (20/30.11.23) മറുപടി ലഭ്യമാക്കിയില്ല. സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-33 റോഡ് കണക്ടിവിറ്റി മാപ്പ്- പൂർത്തീകരണവിവരം ലഭ്യമല്ല

| | |
|---|---|
| പ്രോജക്ട് | 40/23 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ | 42000 തനത് ഫണ്ട് |
| ചെലവ് | 31500 |
| ബിൽ നം. | 185/9.3.2023 |

സർക്കാർ ഉത്തരവ് (കൈ)നം. 84/22ത.സ്വ.ഭ.വ തീയതി 19/04/2022 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗരേഖ ഖണ്ഡിക 8.14 നിർദ്ദേശിക്കും പ്രകാരം ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്ന് നിഷ്കർഷിക്കുന്നു. ഏതൊരു റോഡ് നിർമ്മാണ പ്രൊജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രോജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും മുൻവർഷങ്ങളിലെ പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ ഒരു റോഡ് പ്രോജക്ടും ഇത്തരത്തിൽ മാപ്പിൽ രേഖപ്പെടുത്തിയിട്ടില്ല. റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിന് തൻ വർഷം പ്രോജക്ട് തയ്യാറാക്കി വാർഡുകളിലെ മാപ്പിങ്ങ് നടത്തിയതിന് സൂരജ ശ്രീജിത്തിന് 31500 രൂപ നൽകിയിട്ടുണ്ട്. മേൽ ഉത്തരവിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചിട്ടുള്ളപക്ഷം ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷക്കുറിപ്പിന് (16/30.11.23) പ്രവൃത്തിയുടെ ഓൺലൈൻ വേരിഫിക്കേഷൻ സംസ്ഥാനതലത്തിൽ പൂർത്തീകരിച്ചാൽ മാത്രമേ മാപ്പ് പൂർണ്ണമാകൂ എന്നറിയിച്ചു. ചെലവ് തുകയുടെ ഫലപ്രാപ്തി വ്യക്തമല്ലാത്തതിനാൽ 31500 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. സർക്കാർ നിർദ്ദേശപ്രകാരം പ്രവൃത്തി പൂർത്തീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-34 സർക്കാർ സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രഭാതഭക്ഷണം -അപാകതകൾ

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ്മിസ്ട്രസ്സ്, ഗവ.എൽ പി സ്കൂൾ |
| പ്രോജക്ട് നം /പേര് | 59/22-23 സർക്കാർ സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രഭാതഭക്ഷണം |
| അടങ്കൽ | 328450/-(വികസന ഫണ്ട് ജനറൽ ) |
| ചെലവ് | 328450/-(വികസന ഫണ്ട് ജനറൽ ) |
| ബിൽ നം /തീയതി | 42/29/09/2022 – 91840/-<br>93/08.12.22 – 99322/-<br>153/15.02 .2023-64472/<br>249/28.03.2023-72816/- |

സർക്കാർ സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രഭാതഭക്ഷണം എന്ന പ്രോജക്ട് നിർവ്വഹണത്തിനായി പ്രഥമാദ്ധ്യാപികയുടെ തീരുമാനപ്രകാരം ശ്രീ.മനോജ് ഭാസ്കർ, മിഥുനം ഫുഡ്സ്, കുറവിലങ്ങാട് എന്ന സ്ഥാപനത്തിനെ പ്രഭാത ഭക്ഷണം തയ്യാറാക്കുന്നതിന് ഏൽപ്പിച്ചിരുന്നു. എന്നാൽ 26.11.2019ലെ ഡിഎ1/362 /2019-തസ്വഭവ (ഡിഎ) നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പി ടി എ കൾ പാചകക്കാരനെ നിയോഗിച്ചോ അല്ലെങ്കിൽ കുടുംബശ്രീ മുഖേനയോ ഭക്ഷണം തയ്യാറാക്കേണ്ടതാണ് എന്ന് സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ നിലവിൽ സ്വകാര്യവ്യക്തിയുടെ കേറ്ററിംഗ് യൂണിറ്റ് വഴിയാണ് പ്രോജക്ട് നിർവ്വഹിച്ചതെന്ന് കാണുന്നു. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (1/28.11.23) മറുപടിയായി പി ടി എ തയ്യാറാകാത്തതിനാലാണ് സ്വകാര്യ വ്യക്തിയെ കാറ്ററിംഗ് ഏൽപ്പിച്ചതെന്ന് അറിയിച്ചു. ഭാവിയിൽ പ്രോജക്ട് നിർവ്വഹിയ്ക്കുമ്പോൾ സർക്കാർ ഉത്തരവുകൾ കൃത്യമായി പാലിക്കേണ്ടതാണ്.

## 1-35 ഹരിത മിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം -തുടർപ്രവർത്തനങ്ങൾ -സംബന്ധിച്ച്

മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ സുതാര്യവും, ലളിതവുമാക്കുന്നതിന് നൂതന സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതിനായി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണ് ഹരിത മിത്രം സ്മാർട്ട് ഗാർബേജ്

മോണിറ്ററിംഗ് സിസ്റ്റം. വി ഇ ഒ നിർവ്വഹണോദ്യോഗസ്ഥയായി 159/23 നമ്പർ പ്രോജക്ട് പ്രകാരം-204900/- രൂപ ചെലവഴിച്ച് ഓഡിറ്റ് വർഷം സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. ക്യൂ.ആർ കോഡ് അധിഷ്ഠിതപ്പെടുത്തിയുള്ള പ്രവർത്തനത്തിൽ എത്ര വാസഗൃഹങ്ങൾ, എത്ര വാണിജ്യ-വ്യവസായ സ്ഥാപനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കേണ്ടതാണ്. പ്രസ്തുത പ്രവർത്തനം പൂർണ്ണമാക്കുകയാണെങ്കിൽ ഹരിത കർമ്മസേനയുടെ പ്രവർത്തനം, കൃത്യമായ ഇടവേളകളിൽ ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനും, മാലിന്യം കത്തിക്കൽ, വലിച്ചെറിയൽ തുടങ്ങിയ പരാതികൾ അധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും, തുടർനടപടികൾ സ്വീകരിക്കുന്നതിനും സാധിക്കുന്നു. കൂടാതെ ഭാവിയിൽ വസ്തുനികുതി, തൊഴിൽനികുതി, ലൈസൻസ് തുടങ്ങിയ തനത് വരുമാന സ്രോതസിന്റെ കൃത്യത ഉറപ്പ് വരുത്തുന്നതിനും ഇതിലൂടെ സാധ്യമാവുന്നതിനുള്ള നടപടികളും സ്വീകരിക്കാവുന്നതാണ്. ഹരിത മിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം പതിനാല് വാർഡുകളിലും പ്രവർത്തന സജ്ജമാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

മാലിന്യം, അവ സൃഷ്ടിക്കുന്നവരുടെ ഉത്തരവാദിത്തമാണെന്ന മുദ്രാവാക്യവുമായി സൃഷ്ടിക്കപ്പെട്ട മിഷന്റെ ഭാഗമാണ് സേനയെന്നിരിക്കെ സുസ്ഥിര വികസന ലക്ഷ്യങ്ങളിലെ ആറാം ഇനമായ ശുദ്ധമായ വെള്ളവും ശുചിത്വവും എന്ന ലക്ഷ്യം കൈവരിക്കുന്നതിൽ കുറവിലങ്ങാട് ഗ്രാമ പഞ്ചായത്ത് ഗണ്യമായ പുരോഗതി കൈവരിക്കേണ്ടതുണ്ട്. നിലവിലുള്ള പ്രതിസന്ധികൾ മറികടക്കുന്നതിനുള്ള അവബോധവും പരിശീലനവും ജനങ്ങൾക്ക് നൽകുന്നതിന് കൃത്യമായ പ്രവർത്തനങ്ങൾ ആവശ്യമാണ്. ഈ വിഷയത്തിൽ കമ്മറ്റിയുടെയും ജീവനക്കാരുടെയും അടിയന്തിര ശ്രദ്ധ ക്ഷണിയ്ക്കുന്നു.

**1-36 തെരുവു വിളക്ക പരിപാലനം -അപാകതകൾ - വിശദീകരണം ലഭ്യമാക്കിയില്ല.**

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | 1/23തെരുവു വിളക്കുകളുടെ എ.എം .സി | 18/23സോളാർ ഹൈമാസ്റ്റ് ലൈറ്റുകളുടെ എ.എം.സി |
| അടങ്കൽ | 764000/-(CFC-basic Grant) | 79250/-(CFC-basic Grant) |
| ചെലവ് | 582000/-<br>72/17.11.22 – 400000<br>206/16.2.22 – 182000 | 70750/-<br>63/8.11.22- 35375<br>140/20.1.23-35375 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി | സെക്രട്ടറി |

ഗ്രാമപഞ്ചായത്തിലെ കേടുവന്ന തെരുവു വിളക്കുകൾ റിപ്പയർ ചെയ്യുന്നതിന് 2022-23 സാമ്പത്തിക വർഷത്തെ 1/23 നമ്പർ പ്രോജക്ട് പ്രകാരം യുണൈറ്റഡ് എനർജി സിസ്റ്റംസുമായി 20/09/2022 മുതൽ ഒരു വർഷത്തേക്ക് കരാറിൽ ഏർപ്പെട്ടിരുന്നു. 1088 എൽ ഇ ഡി ബൾബുകൾ, അനുബന്ധ ഉപകരണങ്ങൾ എന്നിവ റിപ്പയർ ചെയ്തതായി കരാറുകാരൻ അറിയിച്ചതു പ്രകാരം ഓഡിറ്റ വർഷം 582000/- രൂപ മേൽ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. കൂടാതെ 18/23 നമ്പർ പ്രോജക്ട് പ്രകാരം 3 ഹൈമാസ്റ്റ് സൈറ്റ്, 10 സോളാർ സ്ട്രീറ്റ് ലൈറ്റ് (18W), 9 സോളാർ സ്ട്രീറ്റ് ലൈറ്റ് (20W) എന്നിവയുടെ എ.എം.സി.യ്ക്കായി 70750/- രൂപ ഒമിലക്സ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.

പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1. ലൈറ്റുകൾ റിപ്പയർ ചെയ്തതിന് വാർഡ് മെമ്പർമാർ നൽകിയ സാക്ഷ്യപത്രം പ്രകാരമുള്ള കണക്കുകളും, ഓഡിറ്റിനു ഹാജരാക്കിയ തെരുവു വിളക്കുകളുടെ വാർഡു തിരിച്ചുള്ള രജിസ്റ്ററിലെ വിവരങ്ങളും പൊരുത്തപ്പെടുന്നില്ല.

2.തുക നൽകിയതിന് ആധാരമായ അറ്റകുറ്റപണി നടത്തിയ തെരുവുവിളക്കുകൾ സംബന്ധിച്ച വിവരങ്ങൾ (വാർഡ് നമ്പർ, ഇലക്ട്രിക്ക് പോസ്റ്റ് നമ്പർ, തെരുവുവിളക്കിന്റെ തരം [CFL/Flourescent Lamp/Filament

Lamp/sodium Vapour Lamp Etc.], മാറ്റിയ സ്പെയർ പാർട്സ് [ചോക്ക്/സ്റ്റാർട്ടർ/ട്യൂബ്/ ഹോൾഡർ ]) രേഖപ്പെടുത്തിയ രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കിയില്ല.

3.നിലവിലുള്ള കേടായ സി.എഫ്.എൽ മാറ്റി പകരമായാണ് പുതിയ ബൾബുകൾ സ്ഥാപിച്ചിട്ടുള്ളത്. എന്നാൽ മാറ്റിയ പഴയ സി.എഫ്.എൽ വിളക്കുകളും അനുബന്ധ സാമഗ്രികളും സ്റ്റോക്കിലെടുത്തിട്ടില്ല.

4. 5.09.2011 ലെ സർക്കുലർ നം.3055/ഡി എ 3/11/തസ്വഭവ പ്രകാരം തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണികൾക്ക് അനുവദിക്കുന്ന നിരക്ക് കെ എസ് ഇ ബി യുടെ നിരക്കിനേക്കാൾ അധികരിക്കാൻ പാടില്ലാത്തതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇവിടെ കെ എസ് ഇ ബി യുടെ നിരക്ക് എത്രയാണെന്ന് രേഖപ്പടുത്തിയിട്ടില്ല.

5. ടെൻഡർ ക്ഷണിക്കുന്ന സമയത്ത് ഓരോ തെരുവുവിളക്കും റിപ്പയർ ചെയ്യാനാവശ്യമായ കെ എസ് ഇ ബി രേഖപ്പടുത്തിയ നിരക്ക് എത്രയാണെന്ന് (എസ്റ്റിമേറ്റ്) ടെൻഡർ ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടില്ല.

6. കൂടാതെ നിലാവ് പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര രൂപ (ഏത് പാക്കേജ് പ്രകാരം) കെ എസ് ഇ ബി യ്ക്ക് നൽകി എന്നതിന്റെ വിവരവും, നിലാവ് പദ്ധതിയുടെ പുരോഗതിയും ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതിനുമായി ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (36/2.12.23) മറുപടി ലഭ്യമാക്കാത്തതിനാൽ പ്രോജക്ട് നിർവ്വഹണത്തിനായി ചെലവഴിച്ച 652750/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-37 പഞ്ചായത്ത് ഓഫീസിൽ ജനറേറ്റർ സ്ഥാപിക്കൽ- ഇലക്ട്രിക്കൽ ഇൻസ്പെക്ടേറ്റിന്റെ സാക്ഷ്യപത്രം ലഭ്യമായില്ല.**

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി, ഗ്രാമപഞ്ചായത്ത് |
| പ്രോജക്ട് നം /പേര് | 19/23 പഞ്ചായത്ത് ഓഫീസിൽ ജനറേറ്റർ സ്ഥാപിക്കൽ |
| അടങ്കൽ | 1335000/-( ധനകാര്യകമ്മിഷൻ ഗ്രാന്റ്)<br>214979/- (തനതു ഫണ്ട്) |
| ചെലവ് | 1335000/-(ധനകാര്യകമ്മിഷൻ ഗ്രാന്റ് )<br>ബിൽ നം.184/8.2.23 – 790000/-<br>ബിൽ നം.192/14.3.23 – 545000/-<br>214979/- (തനതു ഫണ്ട്)<br>ബിൽ നം.193/14.3.23 – 214979/- |

ഓഡിറ്റ വർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടായിരുന്നു പഞ്ചായത്ത് ഓഫീസിൽ ജനറേറ്റർ (45 KVA Three Phase 415V) സ്ഥാപിക്കൽ. KEL Palakkad എന്ന സ്ഥാപനത്തിൽ നിന്നുമായിരുന്നു ജനറേറ്റർ (790000/- രൂപ) വാങ്ങിയത്. 4,07,750/-രൂപ ഇലക്ട്രിക്കൽ ഇൻസ്റ്റലേഷനു വേണ്ടി ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, കോട്ടയത്ത് അടവാക്കിയിട്ടുണ്ട്. എന്നാൽ "Energisation Sanction From Electrical Inspectorate" നാളിതു വരെ ലഭിച്ചിട്ടില്ല. ആയതിന്റെ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (33/2.12.23) മറുപടി ലഭ്യമാക്കാത്തതിനാൽ പ്രസ്തുത ആവശ്യത്തിന് ചെലവഴിച്ച 4,07,750/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് സാക്ഷ്യപത്രം ഇല്ലാതെ നിലവിൽ ജനറേറ്റർ പ്രവർത്തിപ്പിക്കുന്നുണ്ട്.

**1-38 സബ് ട്രഷറി നിർമ്മാണത്തിന് ദാനയാധാരമായി ലഭിച്ച സ്ഥലം – തുടർനടപടികൾ സ്വീകരിയ്ക്കുന്നതിൽ കാലതാമസം**

സബ് ട്രഷറി നിർമ്മാണത്തിന് ദാനാധാരമായി ലഭിച്ച സ്ഥലം പഞ്ചായത്ത് ഓഫീസ് പണിയുന്നതിന് അനുയോജ്യമാണോ എന്ന് നേരിട്ട് കണ്ടു പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിന് 06.04.2022 തീയതിയിലെ പഞ്ചായത്ത് യോഗം സ്റ്റിയറിംഗ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിരുന്നു. കമ്മറ്റി അംഗങ്ങൾ സ്ഥലം സന്ദർശിച്ചിരുന്നു എങ്കിലും റിപ്പോർട്ട് ലഭിച്ചിട്ടില്ല എന്ന് സെക്രട്ടറി അറിയിച്ചു. സ്ഥലം നേരിട്ട്

പരിശോധിച്ചശേഷം ആവശ്യമായ പാർക്കിംഗ് സൗകര്യങ്ങളോടെ പഞ്ചായത്ത് ഓഫീസ് കെട്ടിടം ഈ സ്ഥലത്ത് നിർമ്മിക്കാൻ കഴിയുന്നതാണെന്ന അഭിപ്രായമാണ് പഞ്ചായത്ത് എഞ്ചിനീയർ അറിയിച്ചിട്ടുള്ളത്. ദാനാധാരത്തിലെ വ്യവസ്ഥ പാലിക്കാത്തതിനാൽ സ്ഥലം തിരികെ ലഭിക്കുന്നതിന് ബഹു. പാലാ മുൻസിഫ് കോടതി മുമ്പാകെ ഉള്ള വ്യവഹാരത്തിൽ സമവായ ചർച്ചകൾ നടന്നുവരികയാണെന്നും 23.04.2022 തീയതിയിൽ മീഡിയേഷൻ സിറ്റിംഗ് ഉള്ളതിനാൽ ടി ഭൂമിയിൽ ഗ്രാമ പഞ്ചായത്ത് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച പഞ്ചായത്ത് തീരുമാനം അന്നേ ദിവസം അറിയിക്കേണ്ടതാണെന്നും സെക്രട്ടറി അറിയിച്ചു. യോഗം ഈ വിഷയം വിശദമായി ചർച്ച ചെയ്തു.

സബ് ട്രഷറി കെട്ടിടം നിർമ്മിക്കുവാൻ ലഭിച്ച സ്ഥലം പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിനായി മാറ്റിയാൽ കുറവിലങ്ങാട് അനുവദിച്ച സബ്ട്രഷറി നഷ്ടപ്പെടാൻ ഇടയായേക്കാം എന്ന് രണ്ടാം വാർഡ് മെമ്പർ അഭിപ്രായപ്പെട്ടു.

സബ് ട്രഷറിക്ക് വിട്ടുനൽകിയ ഭൂമിയിൽ ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് ഒപ്പം സബ്ട്രഷറിക്കു കൂടി കെട്ടിടം നിർമ്മിക്കണമെന്ന് 6,7,8,10,12,13,14 വാർഡ് മെമ്പർമാർ അഭിപ്രായപ്പെട്ടു.

സബ് ട്രഷറി കെട്ടിടം നിർമ്മിക്കാനുള്ള സ്ഥലം 2014 വർഷത്തിൽ ശ്രീ. കെ.വി.ജോസ് ദാനാധാരമായി പഞ്ചായത്തിന് വിട്ടു നൽകിയിരുന്നുവെങ്കിലും ദാനയാധാരത്തിലെ വ്യവസ്ഥ പ്രകാരമുള്ള കാലാവധിയായ അഞ്ചുവർഷത്തിനുള്ളിൽ കെട്ടിടം നിർമ്മിക്കാനോ ടി ഭൂമി സർക്കാർ അനുമതി ലഭ്യമാക്കി ട്രഷറി വകുപ്പിന് കൈമാറുന്നതിനോ പഞ്ചായത്തിന് കഴിഞ്ഞിരുന്നില്ല എന്ന് പ്രസിഡന്റ് അറിയിച്ചു. കാലാവധിക്കുള്ളിൽ വ്യവസ്ഥ പാലിക്കാത്തതിനാൽ നൽകിയ സ്ഥലം തിരികെ ലഭ്യമാക്കുന്നതിന് ശ്രീ.കെ.വി.ജോസ് പഞ്ചായത്തിൽ അറിയിപ്പ് നൽകിയിരുന്നു. എങ്കിലും ട്രഷറി കെട്ടിടം നിർമ്മിക്കുന്നതിനോ ടി സ്ഥലം കൈവിട്ടുപോകാതെ സൂക്ഷിക്കുന്നതിനോ ആവശ്യമായ നടപടികൾ പഞ്ചായത്തിൽ നിന്നും ഉണ്ടായിട്ടില്ല. തുടർന്നാണ് ശ്രീ. കെ. വി. ജോസ് ബഹു. പാലാ മുൻസിഫ് കോടതിയിൽ ആധാര വ്യവസ്ഥ പ്രകാരം സ്ഥലം തിരികെ ലഭിക്കുന്നതിന് വ്യവഹാരം ബോധിപ്പിച്ചതെന്ന് പ്രസിഡന്റ് അറിയിച്ചു. ആധാരത്തിലെ വ്യവസ്ഥ പാലിക്കാൻ കഴിയാതിരുന്നതിനാൽ നിലവിൽ ടി സ്ഥലത്ത് സബ്ട്രഷറി സ്ഥാപിക്കാനുള്ള അവസരം തന്നെ ഇപ്പോൾ നഷ്ടപ്പെട്ടിരിക്കുകയാണ്. ഈ വിവരം ശ്രദ്ധയിൽപ്പെട്ട ഉടനെ തന്നെ സർക്കാരിനെ അറിയിച്ചിട്ടുണ്ടെന്നും സബ്ട്രഷറി കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ അനുമതി അടിയന്തരമായി ലഭ്യമാക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുള്ളതുമാണെന്ന് പ്രസിഡന്റ് അറിയിച്ചിരുന്നു.

സർക്കാർ തീരുമാനം ഉണ്ടാകാത്തതിനാൽ സ്ഥലം കൂടി നഷ്ടപ്പെടുന്ന സാഹചര്യമാണ് ഇപ്പോഴുള്ളത്. സൗജന്യമായി ലഭ്യമായ സ്ഥലം കൈവിട്ടു കളയാതെ ഗ്രാമപഞ്ചായത്തിന്റെ കൈവശത്തിൽ നിലനിർത്തുന്നതിനുള്ള നടപടിയാണ് ഇപ്പോൾ പ്രധാനം. ആയതിനാലാണ് കോടതിയുടെ നിർദ്ദേശപ്രകാരം ശ്രീ.കെ.വി.ജോസുമായി കൂടിയാലോചിച്ച് പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിനായി ടി ഭൂമി പ്രയോജനപ്പെടുത്തുന്ന കാര്യം പരിഗണിച്ചത്. ആയതിന് ശ്രീ.കെ.വി.ജോസും സമ്മതമറിയിച്ച സാഹചര്യത്തിലാണ് സ്ഥലത്തിന്റെ അനുയോജ്യത സ്റ്റിയറിങ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിട്ടത്. ടി ഭൂമിയിൽ പഞ്ചായത്ത് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനോടൊപ്പം സബ് ട്രഷറിയ്ക്കായുള്ള കെട്ടിടം കൂടി നിർമ്മിക്കുന്നതിനാണ് പഞ്ചായത്തിന് താൽപര്യം. സബ് ട്രഷറി കെട്ടിടം കൂടി നിർമ്മിക്കുവാൻ ആവശ്യമായ 3 സെന്റ് ഭൂമി കൂടി വിട്ടു തരുവാൻ ശ്രീ.കെ.വി. ജോസ് ഇപ്പോൾ സന്നദ്ധത അറിയിച്ചിട്ടുണ്ടെന്നും പ്രസിഡന്റ് അറിയിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ശ്രീ. കെ.വി. ജോസ് സബ് ട്രഷറി കെട്ടിടം നിർമ്മിക്കുന്നതിന് വിട്ടു തന്നിരിക്കുന്ന ഭൂമിയിൽ ഗ്രാമ പഞ്ചായത്ത് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് തയ്യാറാണെന്നും അതോടൊപ്പം ടി ഭൂമിയോട് ചേർന്ന് കൂടുതൽ സ്ഥലം ലഭ്യമാകുന്നതിൽ സബ്ട്രഷറിക്ക് കൂടി കെട്ടിടം നിർമ്മിക്കുന്നതിനുള്ള ക്രമീകരണം ചെയ്യുന്നതും പരിഗണിക്കുന്നുണ്ടെന്നും ആയതിനാൽ പഞ്ചായത്തും ശ്രീ.കെ.വി.ജോസും തമ്മിൽ മേൽ വിഷയത്തിൽ നടത്തുന്ന സമവായ ചർച്ചയിലെ തീർപ്പ് പ്രകാരം മേൽ ഹർജി തീർപ്പാക്കണമെന്ന് ബഹു. പാലാ മുൻസിഫ് കോടതി മുമ്പാകെ ബോധിപ്പിക്കുന്നതിനു തീരുമാനിച്ചിരുന്നു. ദാനയാധാരമായി ലഭ്യമാക്കിയ ഭൂമി നഷ്ടപ്പെടുത്താതെ തുടർ നടപടികൾ സ്വീകരിച്ച് പ്രയോജനപ്പെടുത്തേണ്ടതാണ്. കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ടി വിഷയത്തിലേയ്ക്ക് ക്ഷണിയ്ക്കുന്നു.

**1-39 ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കിയില്ല**

സർക്കാർ ഉത്തരവ് (കൈ)നം. 84/22ത.സ്വ.ഭ.വ തീയതി 19/04/2022 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗരേഖ ഖണ്ഡിക 6.8 പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനതു ഫണ്ടും ഉപയോഗപ്പെടുത്തി റോഡ് - റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും ഘടക സ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളാണ് ആസ്തി സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുക, സേവന നിലവാരം ഉയർത്തുക, ആസ്തി വിപുലപ്പെടുത്തുക, സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേക്ക് ഉയർത്തുക, ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുക എന്നിവയാണ് ആസ്തി സംരക്ഷണ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഗ്രാമ പഞ്ചായത്തിന്റെ ആസ്തികളുടെ പരിപാലനവുമായി ബന്ധപ്പെട്ട് സർക്കുലർ നം. 50412/ഡി.ബി.2/ 2011/ ത.സ്വ.ഭ.വ, തീയതി 13.10.2011 പ്രകാരം ആസ്തി രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണെന്നും, സർക്കുലർ നം.50608/ഡി.ബി.2/2009/ത.സ്വ.ഭ.വ, തീയതി 13.10.2010 ഉത്തരവ് പ്രകാരം ആസ്തികൾ ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കേണ്ടതാണെന്നും വ്യക്തമാക്കിയിരുന്നു. നിലവിലുള്ള ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലാനുസൃതമാക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച് വരുന്നുണ്ട്. എന്നാൽ സ്ഥാപനത്തിൽ നാളിതുവരെ പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

പദ്ധതിയുടെ ഭാഗമായി എല്ലാ പൊതുസ്ഥാപനങ്ങളിലും മഴവെള്ള സംഭരണികൾ സ്ഥാപിക്കുക, വിദ്യാലയങ്ങളുടെ അറ്റകുറ്റപ്പണി നടത്തുക എന്നിവയും ആസ്തി സംരക്ഷണ പദ്ധതിയുടെ ഭാഗമാകേണ്ടതാണ്. റോഡിതര മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനത്തിന് മുൻഗണന നൽകി വിനിയോഗിക്കുന്നതിനുള്ള പ്രോജക്ടുകൾ തയ്യാറാക്കേണ്ടതുണ്ട് എന്നും നിഷ്കർഷിക്കുന്നുണ്ട്. ഇതിനായി പഞ്ചായത്തിലെ ആസ്തികളുടെ സംരക്ഷണത്തിന് മതിയായ പ്രാധാന്യം നൽകി പ്രോജക്ടുകൾ ആവിഷ്കരിക്കേണ്ടതുണ്ട്. മെയിന്റനൻസ് ഫണ്ട് വിനിയോഗം സംബന്ധിച്ച തദ്ദേശസ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെയും സർക്കുലറുകളിലെയും നിബന്ധനകൾ പാലിച്ച് കൊണ്ടായിരിക്കണം ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടത്.

അസറ്റ് മാനേജ്മെന്റ് മാന്വൽ പാലിക്കുന്നില്ല

തദ്ദേശ സ്വയം ഭരണവകുപ്പിന്റെ 20.01.2017 ലെ ജി. ഒ. (ആർ.ടി) 166/2017 ആയി പ്രസിദ്ധീകരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അസറ്റ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. മാന്വൽ പ്രകാരം പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി ഒരു അസറ്റ് മാനേജ്മെന്റ് & മോണിട്ടറിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും ആസ്തികളുടെ വാർഷിക വിലയിരുത്തൽ നടത്തി അതിന്റെ അടിസ്ഥാനത്തിൽ അസറ്റ് മാനേജ്മെന്റ് സ്ട്രാറ്റജിയും അസറ്റ് മാനേജ്മെന്റ് പ്ലാനും തയ്യാറാക്കേണ്ടതാണ്. കൂടാതെ ആസ്തികളുടെ അർദ്ധ വാർഷിക, വാർഷിക റിവ്യൂകൾ എന്നിവ നടത്തേണ്ടതാണ്. ഗ്രാമപഞ്ചായത്ത് ഒരു അസറ്റ് മാനേജ്മെന്റ് പ്ലാൻ അംഗീകരിച്ചതായോ, അതിനു വേണ്ട നടപടികൾ സ്വീകരിച്ചതായോ പഞ്ചായത്തിന്റെ വിവിധ മിനുട്സ് ബുക്കുകൾ പരിശോധിച്ചതിൽ കാണാൻ കഴിഞ്ഞില്ല. അതുകൊണ്ടു തന്നെ ഇപ്രകാരമുള്ള ഒരു രേഖയുടെ അഭാവത്തിലാണ് ഗ്രാമപഞ്ചായത്ത് അതിന്റെ ആസ്തികളുടെ നിർമ്മാണം (സൃഷ്ടിക്കൽ), പരിപാലനം, കൈയൊഴിയൽ എന്നിവയുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചതെന്ന് കാണുന്നു.

ആസ്തി സംരക്ഷണം എന്നത് പഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽപ്പെടുന്നതാണ്. ആയതിനാൽ മാന്വൽ പ്രകാരമുള്ള അസറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മറ്റി രൂപീകരിക്കേണ്ടതും, ആസ്തികളുടെ മൂല്യം, അളവ്, പ്രദേശം, ആസ്തി ആർജ്ജിച്ച കാലയളവ് എന്നിവ സംബന്ധിച്ച വിവരങ്ങൾ സ്ഥാപനം സൂക്ഷിക്കേണ്ടതും ആസ്തി രജിസ്റ്റർ കാലാനുസൃതമാക്കി സൂക്ഷിക്കുന്നതിൽ ജാഗ്രത പുലർത്തേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ- അധികം തുക നൽകി

| | |
|---|---|
| പ്രോജക്ട് നം./പേര് | 23/23 ബയോഗ്യാസ് പ്ളാന്റ് |
| അടങ്കൽ | 1152000(കേന്ദ്രാവിഷ്കൃത ഫണ്ട്)<br>24000 (തനത് ഫണ്ട്)<br>--------<br>1392000 |
| ചെലവ് | 1152000(കേന്ദ്രാവിഷ്കൃത ഫണ്ട്)<br>48129 (തനത് ഫണ്ട്)<br>----------<br>1200129 (2022-23) |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ |
| ബിൽ നമ്പർ | 358808/-<br>വൗച്ചർ നമ്പർ 22200229/30.07.22<br>793192/-<br>വൗച്ചർ നമ്പർ 22201023/30.03.23<br>48129/-<br>വൗച്ചർ നമ്പർ22201025/30.03.23 |

ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി ഗ്രാമപഞ്ചായത്ത് മാർക്കറ്റിൽ 500kg/day ശേഷിയുള്ള ഫിക്സഡ് ഡോം ടൈപ്പ് ബയോഗ്യാസ് പ്ലാന്റ് ശുചിത്വ മിഷന്റെ ഫണ്ടുപയോഗിച്ച് സ്ഥാപിക്കുന്നതിന് 2019-20 വർഷം (പ്രോജക്ട് നം.149/20) ആവിഷ്കരിച്ചതായിരുന്ന മേൽ പ്രോജക്ട്. അക്രെഡിറ്റഡ് ഏജൻസി മുഖേന നിർവ്വഹണം നടത്തുന്നതിനായി തയ്യാറാക്കിയിട്ടുള്ള 17,40,000/- രൂപയ്ക്കുള്ള എസ്റ്റിമേറ്റിന് 15/02/20ലെ 935/സി6/2012എസ് എം കത്ത് മുഖേന ശുചിത്വമിഷൻ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. പ്രോജക്ട് സ്പിൽ ഓവറായി തുടരുകയും ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനായി അക്രഡിറ്റഡ് ഏജൻസിയായ IRTC മുണ്ടൂർ എന്ന സ്ഥാപനവുമായി 26.02.2021 ൽ കരാറിലേർപ്പെടുകയും ചെയ്തു. പദ്ധതി പ്രവർത്തനം തുടങ്ങുന്നതിനായി 20% തുകയായ 3,48,000/- രൂപ മുൻകൂറായി സ്ഥാപനത്തിന്റ അക്കൗണ്ടിലേക്ക് 2021-22 വർഷവും പ്രവൃത്തി പൂർത്തിയാക്കി 12,00,129/- രൂപ 2022-23 വർഷവും നൽകിയതുൾപ്പെടെ ആകെ 15,48,129/- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നു.

1. ശുചിത്വമിഷൻ സാങ്കേതികാനുമതി ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരം ടെക്നിക്കൽ സപ്പോർട്ടിനുള്ള കൺസൾട്ടൻസിചാർജ്ജ്, നെയിംബോർഡ് സ്ഥാപിക്കൽ, 7.5hp പൾവറൈസർ സ്ഥാപിക്കൽ, ഇലക്ട്രിഫിക്കേഷൻ ചാർജ്ജ്, പ്ലംബിങ്ങ് എന്നിവയ്ക്ക് ലംപ്സം പ്രൊവിഷൻ അനുവദിച്ചിരുന്നു. ഇലക്ട്രിഫിക്കേഷൻ പ്രവൃത്തി നടത്തിയിരുന്നതിന് സാധനങ്ങൾ വാങ്ങിയതിന് മറ്റത്തിൽ ഇലക്ട്രിക്കൽ ആൻഡ് സാനിവെയർ എന്ന സ്ഥാപനത്തിന്റെ കാഷ് ബില്ലിന്റെ അടിസ്ഥാനത്തിൽ 12805 രൂപയും പ്രവൃത്തി നടത്തിയതിനുള്ള ലേബർ ചാർജ്ജിനത്തിൽ മാത്യു എം എഫ് മുളക്കാട് എന്ന വ്യക്തിക്ക് 8000 രൂപയും കെ എസ് ഇ ബിയിൽ തുക അടവാക്കിയതിന്റെ രസീത് പ്രകാരം 12993 രൂപയും ഉൾപ്പെടെ 33798/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 5000 രൂപയ്ക്ക് മുകളിലുള്ള ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ പിഡബ്ല്യുഡി ഇലക്ട്രിഫിക്കേഷൻ വിങ്ങ് തയ്യാറാക്കിയ എസ്റ്റിമേറ്റനുസരിച്ച് മരാമത്ത് നടപടിക്രമങ്ങൾ പാലിച്ചായിരുന്നു നിർവ്വഹണം നടത്തേണ്ടിയിരുന്നത്. മേൽ നടപടിക്രമങ്ങൾ ടി പ്രോജക്ടിൽ പാലിച്ചതായി കാണുന്നില്ല.

2. 7.5HP കപ്പാസിറ്റിയുള്ള പൾവറൈസർ വാങ്ങുന്നതിന് എസ്റ്റിമേറ്റിൽ 4,05,000 രൂപ ലംപ്സമായി

വകയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ മരിയാ എഞ്ചിനീയറിംഗ് വർക്ക്സ് കോയമ്പത്തൂർ എന്ന സ്ഥാപനത്തിൽ നിന്ന് പൾവറൈസർ വാങ്ങിയതിന് 18% ജി എസ് റ്റി ഉൾപ്പെടെ 2,24,200 രൂപയും കൺവെയൻസ് ചാർജ്ജ് 23,000 രൂപയും മെഷീനറി സ്ഥാപിച്ചതിന്റെ കൂലി 4,500 രൂപയും ഉൾപ്പെടെ 2,51,700 രൂപ ചെലവഴിച്ചിട്ടുണ്ട്. സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരം ഒരു ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതാണെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല. സ്ഥാപനം സമർപ്പിച്ച പർച്ചേസ് ബില്ലിൽ സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിയിട്ടില്ല. ടി ബിൽ നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. സ്പെസിഫിക്കേഷൻ പ്രകാരമുള്ള മെഷീനറിയാണ് സ്ഥാപിച്ചതെന്ന് അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല.

3. 20000 രൂപ Technical Supportന് ചെലവഴിച്ചതായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ടി ചെലവിനെ സാധൂകരിക്കുന്ന രേഖകൾ ഫയലിൽ ലഭ്യമല്ല.

4.ശുചിത്വമിഷൻ സാങ്കേതികാനുമതി ലഭ്യമാക്കിയതു പ്രകാരം ബയോഗ്യാസ് പ്ലാന്റ്, പൾവറൈസർ സ്ഥാപിക്കുന്നതിനുള്ള ഷെഡ് നിർമ്മാണം എന്നിവയ്ക്ക് മാത്രമാണ് 12% ജി എസ് റ്റി കോമ്പൻസേഷൻ അനുവദിക്കാവുന്നത്. എന്നാൽ സിവിൽ വർക്കിൽ ഉൾപ്പെടാത്ത താഴെ പറയുന്ന ഇനങ്ങൾക്ക് 18% നിരക്കിൽ കോമ്പൻസേഷൻ അനുവദിച്ചതിനാൽ കരാറുകാരന് അധികം തുക നൽകി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| കൺസൾട്ടൻസി ചാർജ്ജ് | 20000 |
| നെയിം ബോർഡ് സ്ഥാപിക്കൽ | 3000 |
| പൾവറൈസർ സ്ഥാപിക്കൽ | 251700 |
| ഇലക്ട്രിഫിക്കേഷൻ | 33798 |
| ആകെ | 308498 |
| ടി ഇനങ്ങൾക്ക് അനുവദിച്ച ജി എസ് റ്റി കോമ്പൻസേഷൻ | 55530 |

ജി എസ് റ്റി കോമ്പൻസേഷന് അർഹതയില്ലാത്ത ഇനങ്ങൾക്ക് ജി എസ് റ്റി അനുവദിച്ചതിനാൽ 55530 രൂപ ഏജൻസിക്ക് അധികം നൽകിയിട്ടുണ്ട്. ഇലക്ട്രിഫിക്കേഷനുള്ള സാധനങ്ങൾ വാങ്ങിയ കാഷ് ബില്ലിലും പൾവറൈസർ സ്ഥാപിച്ച കാഷ് ബില്ലിലും 18% ജി എസ് റ്റി അനുവദിക്കുകയും ചെയ്തിരുന്ന സാഹചര്യത്തിൽ വീണ്ടും കോമ്പൻസേഷൻ അനുവദിച്ചത് ശരിയായ നടപടിയല്ല.

5. IRTC മുണ്ടൂരുമായി ഏർപ്പെട്ട ധാരണാപത്രം പ്രകാരം അഡ്വാൻസ് കൈപ്പറ്റി പരമാവധി നാലുമാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കേണ്ടതാണ്. എന്നാൽ മുൻകൂർ നൽകിയ 27.08.2021 ന ശേഷം 5/03/2023ലാണ് പ്രവൃത്തി പൂർത്തിയായതെന്ന് കാണുന്നു. യഥാസമയം പ്രോജക്ട് പൂർത്തീകരിക്കാത്ത ഏജൻസിയിൽ നിന്ന് പൊതുമരാമത്ത് മാന്വൽ പ്രകാരമുള്ള ഫൈൻ ഈടാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് രേഖാമൂലം വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട നൽകിയ അന്വേഷക്കുറിപ്പിന് (24/01.12.23) മറുപടി ലഭ്യമാക്കിയില്ല. ശുചിത്വമിഷൻ നൽകിയ സാങ്കേതികാനുമതി രേഖ പ്രകാരം നിർവ്വഹണ ഘട്ടങ്ങളിൽ ആവശ്യമായ പരിശോധന തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ എഞ്ചിനീയർ നടത്തി ഉറപ്പു വരുത്തേണ്ടതാണെന്ന് വ്യക്തമാക്കുന്നുണ്ട്. ആയതിനാൽ അർഹതയില്ലാത്ത ഇനങ്ങൾക്ക് ജി എസ് റ്റി കോമ്പൻസേഷൻ അനുവദിച്ചതിനാൽ ഏജൻസിക്ക് അധികം നൽകിയ 55530 രൂപ നിർവ്വഹണ ഏജൻസിയിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം തുക നൽകിയ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. 55,530/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. അപാകതകളുടെ അടിസ്ഥാനത്തിൽ നിരാകരിച്ച തുകയായ 55530/- രൂപ കിഴിച്ച് ബാക്കി 1144599/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ ലഭിച്ച തീയതി | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|---|
| 2022-23 | 07.07.2023 | 28.11.2023 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | പ്രോജക്ടിന്റെ പേര് | ലഭിച്ച തുക | ചെലവ് | ബാക്കി |
|---|---|---|---|---|
| ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത് | 73/22-23 ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് | 310000 | 310000 | 0 |
| ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത് | 96/22-23 ക്ഷീര സംഘങ്ങളിൽ പാൽ അളക്കുന്ന കർഷകർക്ക് പാലിന് സബ്സിഡി | 461174 | 461174 | 0 |
| | ആകെ | **771174** | **771174** | **0** |
| കോട്ടയം ജില്ലാ പഞ്ചായത്ത് | 10/22-23 അങ്കണവാടി പോഷകാഹാരം | 274354 | 274354 | 0 |
| കോട്ടയം ജില്ലാ പഞ്ചായത്ത് | 73/22-23 ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് | 129300 | 129300 | 0 |
| കോട്ടയം ജില്ലാ പഞ്ചായത്ത് | 96/22-23 ക്ഷീര സംഘങ്ങളിൽ പാൽ അളക്കുന്ന കർഷകർക്ക് പാലിന് സബ്സിഡി | 150000 | 150000 | 0 |
| | ആകെ | **553654** | **553654** | **0** |

### 4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

തൻവർഷം ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക നൽകിയിട്ടില്ല.

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

### 4-5 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് | ഉത്തരവ് നം, തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ | തൻവർഷം എടുത്ത | തൻവർഷം തിരിച്ചടച്ച | വർഷാവസാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|---|

| ഉദ്ദേശ്യം | | ബാക്കിയുണ്ടായിരുന്ന തുക | വായ്പ തുക | തുക | | ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ജിഒ(എംഎസ്) 68/2018/ 18.5.18 | 1587120 | 0 | 762278 | 0 | 824842 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

സ്ഥിരനിക്ഷേപങ്ങളില്ല.

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം, തീയതി |
|---|---|---|---|---|
| 2017-18 | 3-8 | 10397 | അലക്സ് ചാരപ്പുറം | 1220100559/06.05.2022 |
| 2020-21 | 1-13 | 1636 | മാത്തുക്കുട്ടി ജോർജ് | 1220101339/15.07.2022 1220101338/15.07.2022 1220101340/15.07.2022 1220101341/15.07.2022 1220101342/15.07.2022 |
| 2020-21 | 1-15(2) | 3750 | സി എച്ച് സി കുടല്ലൂർ | 1220101165/29.06.2022 |
| 2020-21 | 1-17(1) | 1200 | ആർ കെ ഇൻഡസ്ട്രീസ് | 1220101151/28.06.2022 |
| 2020-21 | 1-17 | 1200 | ചിക്ക് വി | 1220101332/14.07.2022 |
| 2020-21 | 1-17 | 7400 | സ്റ്റാർ പ്ലൈവുഡ് | 1220101062/17.06.2022 |
| 2020-21 | 1-17(1) | 1560 | അമൽ ജ്യോതി | 1220101066/17.06.2022 |
| 2020-21 | 1-18(3) | 55066 | മേഴ്സി സിബി | 1220100986/08.06.2022 1220101357/15.07.2022 |
| 2020-21 | 1-18(1) | 19755 | ലീലാമ്മ ജോസഫ് | 1220100952/06.06.2022 1220101209/04.07.2022 |
| 2020-21 | 1-18(2) | 8217 | സുനിൽ കഴികണ്ടത്തിൽ | 1220100532/05.05.2022 |
| 2020-21 | 1-13 | 14727 | നീന സിറിയക്, റെനിൽ ജോർജ് | 1220101346/15.07.2022 1220101350/15.07.2022 1220101348/15.07.2022 1220101347/15.07.2022 1220101349/15.07.2022 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-2 | 2016-17 | 1, | വസ്തുനികുതി | അക്കൗണ്ട്സ് |

| | | | | | |
|---|---|---|---|---|---|
| | (1,2,3,4) | | അനുബന്ധം-3 | | കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 2014-15 | 2-3 | 2016-17 | 2, അനുബന്ധം-4 | തൊഴിൽനികുതി | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ്. |
| 2015-16 | 2-6 | 2016-17 | 2, അനുബന്ധം-5 | തൊഴിൽനികുതി | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ്. |
| 2019-20 | 1-20-1 | 2020-21 | അനുബന്ധം-2 | പാലിയേറ്റീവ് കെയർ-പുനർഉപയോഗ സാധ്യമായ പരിചരണ സാമഗ്രികൾ | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ്. |
| 2019-20 | 1-20-2 | 2020-21 | അനുബന്ധം-2 | പാലിയേറ്റീവ് കെയർ പ്രോജക്ട്-മരുന്നുകൾ ലഭ്യമായില്ല | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ്. |
| 2020-21 | 1-13 | 2021-22 | അനുബന്ധം-1 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ വിഭജിച്ച് വസ്തു നികുതി നിർണ്ണയം നടത്തുന്നത് | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ്. |

**4-9 ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം**

ചാർജ് സർചാർജ് നടപടികളിലൂടെ തുകകളൊന്നും ഈടാക്കിയിട്ടില്ല.

**4-10 ഓഡിറ്റ് പ്രത്യവലോകനം**

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | : | 50695290.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | : | 34478000.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 55530 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2388822 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 (1-27) | -- | 55530 | ശ്രീമതി സുമിത സുകുമാരൻ അസിസ്റ്റന്റ് എഞ്ചിനീയർ |
| **ആകെ** | | **55530** | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-26 | 152223 | ഡോ.ആരതി രഞ്ജിത്ത്, മെഡിക്കൽ ഓഫീസർ<br>താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, കുറവിലങ്ങാട് |
| 1-27 | 1144599 | ശ്രീമതി സുമിത സുകുമാരൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-33 | 31500 | ശ്രീമതി സുമിത സുകുമാരൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-36 | 652750 | ശ്രീ.പ്രദീപ് എൻ., സെക്രട്ടറി |
| 1-37 | 407750 | ശ്രീ.പ്രദീപ് എൻ., സെക്രട്ടറി |
| **ആകെ** | **2388822** | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി സുമിത സുകുമാരൻ<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, കൊച്ചിൻ കോർപ്പറേഷൻ | വലിയപറമ്പിൽ ചെമ്പ് പി.ഒ. കോട്ടയം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2003-04(ചെലവ്) | കെ.എസ്.എ-കെ.ടി.എം.പി-4/ (അദാ.22)/ 1695(1)/2022/01.08.22 | 1 |
| 2007-08 | കെ.എസ്.എ-കെ.ടി.എം.പി- | 1 |

| | | |
|---|---|---|
| | 4/(അദാ.22)/1696/2021 /01.08.22 | |
| 2008-09 | കെ.എസ്.എ-കെ.ടി.എം.പി-4/(അദാ.22)/11116/22/01.08.22 | 2 |
| 2009-10 | കെ.എസ്.എ-കെ.ടി.എം.പി-4/825/20 തീയതി 05/10/20 | 1 |
| 2010-11, 2011-12 | കെ.എസ്.എ-കെ.ടി.എം.പി-4/(അദാ.22)/1115/22/01.08.22 | 4 |
| 2012-13 | എൽ.എഫ്.കെ.പി 4/(അദാ.22)/1112/22/01.08.22 | 13 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി-4/(അദാ.22)/ 1700/2022 /01.08.22 | 1 |
| 2014-15 | കെ.എസ്.എ-കെടി.എം.പി.4/(അദാ.22)/1113/2022/01.08.22 | 10 |
| 2015-16 | നം.എസ്.എ-കെടി..പിഎം.4/913/22/20.08.22 | 6 |
| 2016-17 | നം.കെ.എസ്.എ-കെ.ടി.എം.പി.4/ 912/22 /20.08.22 | 2 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി4/911/22/20.08.22 | 8 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി4/118/22/20.08.22 | 12 |
| 2019-20 | കെ.എസ്.എ-കെ.ടി.എം.പി4/483/22/28.07.21 | 7 |
| 2020-21 | കെ.എസ്.എ-കെ.ടി.എം.പി4/1571/2022 തീയതി 22.02.2023 | 10 |
| 2021-22 | കെ.എസ്.എ-കെ.ടി.എം.പി4/92/2023 തീയതി 07.02.2023 | 29 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 07-07-2023 and submitted on 07-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Kuravilangadu Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Kuravilangadu Grama Panchayat for the year 2022-2023

**Date: 23/12/2023**

**Deputy Director**
**District Office Kottayam**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Kuravilangadu Grama Panchayat for the Year 2022-2023 .

**1.Major Observations**

1.Non Disclosure of Assets-Assets not classified and evaluated and accounted-Asset Register has not updated

2.Non Disclosure of Capital Contribution-Capital contribution opening balance details, fundwise capital contribution of current year are not available

3.General Fund Details not maintained. Opening Balance Receipt Payment(OBRP) data of asset and liability as on 01/04/2011 not available. Source Data not available for the value of total general fund as on 31/03/2023

**2.Other Observations**

1.Assets Generated during current year-detailed project wise and fundwise data not provided

2.Capital Work in Progress accounting and adjustment details and data not provided.

3.Prior Period expenditure details are not provided as notes on accounts by the Secretary.

4.Government and other dues register not maintained

5.NREGA reciept and payment figures do not match with the annual financial statement

6.The accuracy of receipt and payment of Panchayat distress relief fund is not clear.

DEPUTY DIRECTOR
KERALA STATE AUDIT DEPT
DISTRICT AUDIT OFFICE, KOTTAYAM

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്